VOL NO: 04 | ISSUE 17
www.nerpatham.com
mail@nerpatham.com

2020 APRIL 25 | ₹12

# നേർപഥം
വാരിക

# ജലം അമൂല്യമാണ്: പങ്കുവയ്ക്കുക, പാഴാക്കരുത്

ജീവന്റെ ഉൽഭവം ജലത്തിൽ നിന്നാണ്. എല്ലാ ജീവജാലങ്ങളുടെയും നിലനിൽപിന്റെ ആധാരവും ജലം തന്നെ. വായുവും വെള്ളവും വെളിച്ചവുമെല്ലാം അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹങ്ങളാണ്. അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കാത്തവർക്ക് ശക്തമായ ശിക്ഷയും നന്ദികാണിക്കുന്നവർക്ക് വർധനവും സ്രഷ്ടാവ് നൽകുമെന്നതിന് ചരിത്രം സാക്ഷിയാണ്. കേരളം കണ്ട ഏറ്റവും വലിയ പ്രളയത്തിന് ഒരു വർഷം തികയുന്നതിന് മുമ്പ് തന്നെ വരൾച്ചയുടെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നു. കോവിഡെന്ന മഹാമാരിയുടെ മുന്നിൽ പകച്ചു നിൽക്കുന്ന സമൂഹത്തിലേക്ക് വരൾച്ച കൂടി കടന്നുവരുമ്പോൾ നാം തിരിച്ചറിയേണ്ടത് എന്താണ്?



**അന്നം നൽകുക, പുണ്യം നേടുക**
**ശ്രദ്ധിക്കപ്പെടാതെ പോകുന്ന പുണ്യകർമങ്ങൾ**
**സത്യവിശ്വാസികൾ അല്ലാഹുവിൽ ഭരമേൽപിക്കട്ടെ**

## കോവിഡിന്റെ പശ്ചാത്തലത്തിൽ ഒരു റമദാൻ

കോവിഡ് 'സമ്മാനിച്ച' ലോക്ക് ഡൗണിലേക്കാണ് ഇപ്രാവശ്യത്തെ റമദാൻ സമാഗതമാവുന്നത്. ലോക മുസ്‌ലിംകൾ ആഹ്ലാദത്തോടെയും ആദരവോടെയും കാത്തിരിക്കുന്ന റമദാൻ കനത്ത നിയന്ത്രണങ്ങൾക്കിടയിലേക്ക് കടന്നു വരുന്നതിൽ നിരാശപ്പെടുന്നതിനു പകരം അല്ലാഹു നൽകിയ പരീക്ഷണത്തെ സമചിത്തതയോടെ സ്വീകരിക്കാനാണ് വിശ്വാസികൾ തയ്യാറെടുക്കേണ്ടത്.

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം
വാരികയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കി
വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന ഓൺലൈൻ ക്വിസ് മത്സരം,
ഈ ലക്കം മുതൽ...


# നേർപഥം Online Quiz

- ശരിയുത്തരമയക്കുന്ന 1,2,3 സ്ഥാനക്കാർക്ക് ആഴ്ച തോറും സമ്മാനങ്ങൾ..!!
- ഏറ്റവും കൂടുതൽ ശരിയുത്തരമയച്ചവർക്ക് വർഷാവസാനം മെഗാ സമ്മാനം.!!
- എല്ലാ ഞായറാഴ്ചയും 10 AM മുതൽ ബുധൻ 12 PM വരെ ഉത്തരമയക്കാൻ അവസരം.

zameel
the soulmate

വിശദവിവരങ്ങൾക്ക്
നേർപഥം വെബ്സൈറ്റോ
സമീൽ ഓൺലൈൻ ലൈബ്രറിയോ
സന്ദർശിക്കുക.




Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 92075 25244 | **mail@nerpatham.com | www.nerpatham.com**

0171 / 2020 ഏപ്രിൽ 25 / 1441 റമദാൻ 02 / പുസ്തകം 04 / ലക്കം 17

നേർപഥം
വാരിക



# ജലം അമൂല്യമാണ്: പങ്കുവയ്ക്കുക, പാഴാക്കരുത്

മുജീബ് ഒട്ടുമ്മൽ / 10

**മുഖമൊഴി**

കോവിഡിന്റെ പശ്ചാത്തലത്തിൽ ഒരു റമദാൻ / 05

**ക്വുർആൻ പാഠം**

സത്യവിശ്വാസികൾ അല്ലാഹുവിൽ ഭരമേൽപിക്കട്ടെ / 20
സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി

**കവിത**

ലോക്ക്, മനുഷ്യൻ / 25
അഫ്നാൻ അൻവർ.ഒ, എടത്തനാട്ടുകര

**കാഴ്ച**

കൊറോണക്കാലത്തെ കാരുണ്യം / 34
ഇബ്നു അലി എടത്തനാട്ടുകര

**ലേഖനം**

അന്നം നൽകുക, പുണ്യം നേടുക / 06
മുഹമ്മദ് സ്വാദിഖ് മദീനി

പ്രതീക്ഷിക്കാതെ ലഭിച്ച അവസരം / 16
അബൂഹംദ ആലിക്കൽ

സമ്മാനം നൽകുക / 18
സമീർ മുണ്ടേരി

ശ്രദ്ധിക്കപ്പെടാതെ പോകുന്ന പുണ്യകർമങ്ങൾ / 21
അബൂ അബ്ദില്ല വളവന്നൂർ

അന്യരുടെ ന്യൂനതകൾ പരസ്യമാക്കരുത് / 26
അബ്ദുൽ ജബ്ബാർ മദീനി

അന്ത്യദിനത്തിലുള്ള വിശ്വാസം / 29
ശൈഖ് സഅദ് ബിൻ നാസർ അശ്ശത്‌രി

**അറിയിപ്പ്: കോവിഡ് 19 നിയന്ത്രണങ്ങളുടെ ഭാഗമായി രാജ്യത്ത് ലോക്ക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ പ്രസ്സ് പ്രവർത്തിക്കാത്തതിനാൽ ഈ ലക്കം ഓൺലൈനായി പുറത്തിറക്കുകയാണ്. മാന്യവായനക്കാർ സഹകരിക്കുമല്ലോ.**

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Editor: Usman Palakkazhi I Chief Editor: Anil Primrose
Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
Nerpatham Weekly I PB No: 597 I EKP Complex I Kallai Road I Kozhikkode 2 I Kerala I India I Ph: 0495 4019437
mail@nerpatham.com I www.nerpatham.com I Facebook: www.facebook.com/nerpatham weekly

# ലോക്ഡൗൺ: വിസ്ഡം മെഡിക്കൽ ഹെൽപ് ഡെസ്‌ക് ആയിരത്തിലേറെ രോഗികൾക്ക് ആശ്വാസമായി

സംസ്ഥാനത്ത് നിലനിൽക്കുന്ന ലോക് ഡൗൺ കാരണമായി ചികിൽസ തേടാൻ സാധിക്കാതെ ദുരിതത്തിലായ രോഗികൾക്ക് ആശ്വാസമായി വിസ്ഡം മെഡിക്കൽ ഹെൽപ് ഡെസ്‌ക് പദ്ധതികൾ ആവിഷ്‌കരിച്ചു. വിസ്ഡം യൂത്ത് സ്‌നേഹസ്പർശം പദ്ധതികളുടെ ഭാഗമായി ഭക്ഷണം, മരുന്ന് തുടങ്ങിയ അവശ്യസാധനങ്ങൾക്ക് പ്രയാസപ്പെടുന്നവരെ കണ്ടത്താനുള്ള ശ്രമം നടത്തി ശയ്യാലംബരും നിത്യരോഗികളുമായ ധാരാളം പേർ ചികിത്സ ലഭിക്കാതെ വിഷമിക്കുന്നുവെന്ന് കണ്ടെത്തുകയായിരുന്നു. 'കോവിഡ് 19 കരുതൽ,' 'കാരുണ്യം,' 'വിസ്ഡം യൂത്ത് പ്രതിരോധം' പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയാണ് വിസ്ഡം യൂത്ത് മെഡിക്കൽ ഹെൽപ് ഡെസ്‌ക് രൂപീകരിച്ചത്. അലോപ്പതി, ഹോമിയോപതി, ആയുർവേദമടക്കമുള്ള വിഭാഗങ്ങളിലെ വിദഗ്ധരായ 120 ഡോക്ടർമാരുടെ പാനൽ തയ്യാറാക്കിയാണ് പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടത്. സാമൂഹ്യസേവന സന്നദ്ധരും പ്രതിബദ്ധതയുമുള്ളവരുമായ ഡോക്ടർമാർ രാവിലെ 6 മുതൽ രാത്രി 9 മണിവരെ എല്ലാ ദിവസവും സർവസജ്ജരായിരുന്നു.

രോഗികൾ വാട്‌സാപ്പ് വഴി അവരുടെ രോഗവിവരങ്ങൾ നൽകിയാൽ ബന്ധപ്പെട്ട വിഭാഗത്തിലെ ഡോക്ടർമാർക്ക് അത് കൈമാറും. അവർ മരുന്നും മറ്റു കരുതൽ പ്രക്രിയയും വിശദീകരിച്ച് നൽകും. ദിനേന രാത്രിയിൽ ചേരുന്ന ഓൺലൈൻ ഹെൽപ് ഡെസ്‌ക് യോഗത്തിൽ ഓരോ ദിവസത്തെയും പ്രവർത്തനങ്ങൾ അവലോകനം ചെയ്യും. വിസ്ഡം മെഡിക്കൽ ഹെൽപ് ഡെസ്‌കിന്റെ പ്രവർത്തനങ്ങളിൽ ആശ്വാസം നേടിയ രോഗികളുടെ അനുഭവങ്ങൾ പങ്കുവയ്ക്കും. നിർധനരായ രോഗികളുടെ കരളലിയിക്കും അനുഭവങ്ങളും ഇടറിയ ശബ്ദങ്ങളിലുള്ള അവരുടെ നന്ദി വാക്കുകളും കടമകളെ കുറിച്ച് ഓർമപ്പെടുത്തുന്നവയായിരുന്നു. ദിവസങ്ങളായി മൂക്കൊലിപ്പ് കാരണമായി വിഷമത്തിലായ ഒരു കുട്ടിയുടെ ചികിൽസ തേടി വിളിച്ച രക്ഷിതാക്കളോട് അടുത്തുള്ള ഹോസ്പിറ്റലിൽ കാണിക്കണമെന്നും മൂക്കിൽ എന്തോ ഒന്ന് കയറിട്ടുണ്ടാവാമെന്നും ഡോക്ടർ നിർദേശിച്ചതനുസരിച്ച് ചികിൽസിച്ചപ്പോൾ വലിയ ഒരു ബട്ടൺ മൂക്കിൽ നിന്ന് നീക്കം ചെയ്തു. രക്ഷിതാക്കൾ കൃതാർഥതയോടെ വിളിച്ച വിവരം ഒരു ഡോക്ടർ പങ്ക് വെച്ചു.

പനി, ചുമ പോലുള്ളവയുടെ രോഗചികിത്സക്ക് വിളിക്കുന്നവർക്ക് ഗവ. ഹോസ്പിറ്റലിൽ റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെടുകയാണ് ചെയ്യുക, ചില കേസുകൾ ആരോഗ്യ വകുപ്പിനെ വിളിച്ച് വിവരങ്ങൾ കൈമാറും.

അലോപ്പതിയിൽ 1400ഉം ഡെന്റൽ വിഭാഗത്തിൽ 400ഉം ആയുർവേദ, ഹോമിയോപതി വിഭാഗങ്ങളിൽ 40ഉം വീതം രോഗികൾ ഇതിനകം ആശ്വാസം നേടി. സുഊദി, ഖത്തർ, യു.എ.ഇ. തുടങ്ങിയ ഗൾഫ് നാടുകളിൽനിന്നുള്ളവർ വരെ ഹെൽപ് ഡെസ്‌കിൽ നിന്ന് ചികിത്സ തേടിയിട്ടുണ്ട്. നിസ്വാർഥ സേവനത്തിന് സന്നദ്ധരായ ഡോക്ടർമാരുടെ പങ്കാളിത്തമാണ് ഇത് വിജയിപ്പിക്കുന്ന പ്രധാന ഘടകം. രോഗസംബന്ധമായ സംശയ നിവാരണത്തിനായി പ്രസിദ്ധ ഇന്റർനെറ്റ് റേഡിയോ ആയ പീസ് റേഡിയോയിൽ പ്രത്യേക പ്രോഗ്രാം ഉൾപ്പെടുത്തി. ഡോ.മുഹമ്മദ് കുട്ടി കണ്ണിയൻ, ഡോ: പി പി അബ്ദുൽ മാലിക്, ഡോ: അബ്ദുൽ ജലീൽ എന്നിവർ പ്രോഗ്രാമിൽ സംശയ നിവാരണം നടത്തും.

വിസ്ഡം യൂത്ത് സംസ്ഥാന ഭാരവാഹികളായ ഡോ: പി.എൻ ശബീൽ, ഡോ: പി.പി നസീഫ്, ഡോ: ഫസലുർറഹ്മാൻ, ഡോ: അഹമ്മദ് ഷാസ്, ഡോ.മുഹമ്മദ് കുട്ടി കണ്ണിയൻ, ഡോ: നജ്മുദ്ദീൻ, ഡോ: പി.പി അബ്ദുൽ മാലിക്, ഡോ: വി അബ്ദുൽ ജലീൽ നേതൃത്വം നൽകി.

# കോവിഡിന്റെ പശ്ചാത്തലത്തിൽ ഒരു റമദാൻ

ലോക മുസ്‌ലിംകൾ റമദാൻ മാസത്തെ അത്യധികം ആഹ്ളാദത്തോടെയാണ് എല്ലാ വർഷവും വരവേൽക്കാറുള്ളത്. എന്നാൽ ഈ വർഷം അധികമാർക്കും അതിന് സാധ്യമല്ല. കാരണം കോവിഡ് 19 എന്ന രോഗം അത്രകണ്ട് ലോകത്തെ പിടിച്ചുകുലുക്കിയിട്ടുണ്ട്. ഉറ്റവരെ നഷ്ടപ്പെട്ടവർ, കുടുംബത്തിന്റെ അത്താണിയായവർ രോഗബാധിതരായി കിടക്കുന്നതിന്റെ പ്രയാസമനുഭവിക്കുന്നവർ, അന്യരാജ്യങ്ങളിൽ വെച്ച് മരണപ്പെട്ട മക്കളുടെ മൃതദേഹം പോലും കാണാൻ സാധിക്കാതെ കണ്ണുനീരടങ്ങാത്ത മാതാപിതാക്കൾ, പ്രിയതമന്റെ മരണവാർത്തയറിഞ്ഞ് ഹൃദയംപൊട്ടി വിലപിക്കുന്ന ഭാര്യമാർ, ഉപ്പയുടെ ഫോൺ വിളി വരാത്തതെന്തെന്ന് ചിണുങ്ങുന്ന പൊന്നുമക്കളുടെ ചോദ്യത്തിന് മരിച്ചുപോയ ഉപ്പ എങ്ങനെ വിളിക്കാനാണ് മക്കളേ എന്ന് മനസ്സിൽ മറുപടി പറഞ്ഞ് അവരെ ചേർത്തുപിടിച്ച് പൊട്ടിക്കരയുന്ന ഉമ്മമാർ, ലോക്ക് ഡൗൺ കാരണത്താൽ നിത്യവൃത്തിക്ക് വഴിയില്ലാതെ അർധപട്ടിണിയിലും മുഴുപട്ടിണിയിലും കഴിഞ്ഞു കൂടുന്നവർ, എല്ലാ വരുമാന മാർഗങ്ങളും അടഞ്ഞ് ജീവിതം വഴിമുട്ടിനിൽക്കുന്നവർ, ജുമുഅ നടക്കാത്ത, സംഘടിത നമസ്‌കാരം നാമമാത്രമായി നടക്കുന്ന, ആളനക്കം നഷ്ടപ്പെട്ട പള്ളികൾ... ഈ അവസ്ഥയിൽ റമദാനിനെ കഴിഞ്ഞ കാലങ്ങളിലെ പോലെ സന്തോഷത്തോടെ വരവേൽക്കാൻ ആർക്കു കഴിയാൻ!

എന്നാലും സത്യവിശ്വാസികൾ റമദാനിനെ വരവേൽക്കാൻ ഒരുങ്ങിക്കൊണ്ടിരിക്കുന്നു. വിഭവങ്ങൾ വാങ്ങിക്കൂട്ടിയല്ല; സ്രഷ്ടാവിന്റെ കൽപനകൾക്ക് കീഴ്‌പെട്ട് ആരാധനാകർമങ്ങൾ ചെയ്ത് മനസ്സിനെ സ്ഫുടം ചെയ്‌തെടുക്കുവാനുള്ള ആത്മീയമായ തയ്യാറെടുപ്പ്. എത്ര തന്നെ പ്രയാസങ്ങളും പ്രതിസന്ധികളും കുമിഞ്ഞുകൂടിയാലും അത് പ്രപഞ്ചസ്രഷ്ടാവിന്റെ വിധിയാണെന്ന ദൃഢവിശ്വാസവും കാർമേഘമെല്ലാം ഒഴിഞ്ഞ് ഇന്നല്ലെങ്കിൽ നാളെ ആകാശം തെളിയുമെന്ന ആത്മവിശ്വാസവും വിശ്വാസികളുടെ മനസ്സിനെ ശാന്തമാക്കുന്നതാണ്.

റമദാനിലെ ഉംറ മറ്റുകാലങ്ങളിലേതിനെക്കൾ പ്രതിഫലമേറിയതായതിനാൽ ആ മാസം ഉംറ ചെയ്യാൻ ഉദ്ദേശിച്ചവർക്ക് അതിന് സാധിക്കാതെ വന്നിരിക്കുന്നു. വിദേശികൾക്കെന്നല്ല സ്വദേശികൾക്കും ഇപ്പോൾ ഉംറ ചെയ്യാൻ കഴിയില്ല. ഇരു ഹറമുകളും മറ്റു പള്ളികളും ജനശൂന്യമാണിന്ന്. ഈ റമദാനിൽ തറാവീഹ് നമസ്‌കാരം പള്ളികളിൽ വെച്ചു നടക്കുകയില്ല എന്ന് സുഊദി മതകാര്യ വകുപ്പ് വിജ്ഞാപനമിറക്കിയിട്ടുണ്ട്. പകർച്ചവ്യാധി പടർന്നുപിടിച്ച് വലിയ ദുരന്തം വരുത്താതിരിക്കാനുള്ള മുൻകരുതലിന്റെ ഭാഗമായിട്ടാണ് ഈ നിയന്ത്രണങ്ങളെല്ലാം. ഇത് മതം പഠിപ്പിക്കുന്ന മുൻകരുതലിന്റെ ഭാഗംതന്നെയാണ്. ആത്മഹത്യാപരമായ നിലപാട് ഇസ്‌ലാം അംഗീകരിക്കുന്നില്ലല്ലോ.

നമ്മുടെ നാട്ടിൽ ലോക്ക് ഡൗൺ കാലാവധി നീട്ടിയിരിക്കുകയാണ്. ജുമുഅയും ജമാഅത്തും എന്ന് പുനരാരംഭിക്കാൻ കഴിയുമെന്നറിയില്ല. നോമ്പുകാലത്ത് സ്രഷ്ടാവിലേക്ക് കൂടുതൽ അടുക്കുവാനും മനസ്സിന് സമാധാനമേകുവാനും സഹായിച്ചിരുന്ന തറാവീഹും ഇത്തവണ പള്ളികളിൽവെച്ച് നടത്തുവാൻ കഴിയുമെന്ന് തോന്നുന്നില്ല. ഏറെ വിഷമത്തോടെയെങ്കിലും ഇതിനോടെല്ലാം പൊരുത്തപ്പെട്ടേ കഴിയൂ. എത്രയും വേഗത്തിൽ പഴയ അവസ്ഥയിലേക്ക്, അഥവാ കൊറോണ വൈറസിൽ നിന്ന് വിമുക്തമായ അവസ്ഥയിലേക്ക് നാടും ലോകവും മടങ്ങട്ടെ എന്ന് പ്രത്യാശിക്കാം. ആത്മാർഥമായി അതിനു വേണ്ടി നമുക്ക് പ്രാർഥിക്കാം.

മുഹമ്മദ് സ്വാദിക് മദീനി
sadikhtp@gmail.com





# അന്നം നൽകുക, പുണ്യം നേടുക

വായു, വെള്ളം എന്നിവ പോലെ മനുഷ്യന് ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് ഭക്ഷണം. മനുഷ്യൻ തന്റെ ജീവിതത്തിൽ അധികസമയവും ഭക്ഷണത്തിനായുള്ള നെട്ടോട്ടത്തിനായാണ് ചെലവഴിക്കുന്നത്. പണക്കാർക്ക് വിശപ്പിന്റെ കാഠിന്യം മനസ്സിലാക്കാൻ പലപ്പോഴും കഴിയാറില്ലെങ്കിലും ഒരുനേരത്തെ അന്നത്തിനു വേണ്ടി യാചിക്കുന്നവരും മക്കളുടെ ഒരു ചാൺ വയറിനു വേണ്ടി ഓടി നടക്കുന്നവരും കുറവല്ല. സമ്പന്ന രാജ്യങ്ങൾ ഭക്ഷ്യവസ്തുക്കൾ നശിപ്പിച്ച് കളയുമ്പോൾ ദരിദ്ര രാജ്യങ്ങളിലുള്ളവർ ഭക്ഷണത്തിനു വേണ്ടി അടിപിടി കൂടുന്നു.

ദൈവിക മതമായ ഇസ്‌ലാം മനുഷ്യരുടെ വിശപ്പടക്കുവാൻ ധാരാളം പരിഹാരമാർഗങ്ങൾ നിർദേശിച്ചു. സകാത്തും ഫിത്വ്ർ സകാത്തും, ചില തെറ്റുകൾ ചെയ്താൽ അതിന്റെ പ്രായച്ഛിത്തമായി അഗതികൾക്ക് ആഹാരം നൽകലുമൊക്കെ അത്തരം പരിഹാരമാർഗങ്ങളാണ്. ഭക്ഷണം കൊടുക്കുന്നത് മാത്രമല്ല, അതിനുവേണ്ടി ആളുകളെ പ്രേരിപ്പിക്കുന്നത് പോലും പുണ്യമായി ഇസ്‌ലാം പഠിപ്പിച്ചു.

അന്നം നൽകിയ കൈകളെ മറക്കാറില്ല എന്നതും, ദാരിദ്ര്യവും പട്ടിണിയും മനുഷ്യനെ പിഴച്ച ചിന്തകളിലേക്ക് നയിക്കുമെന്നതും ചിലപ്പോഴെങ്കിലും സത്യമായി തീരാറുണ്ട്.

വിശന്ന വയറുകളുടെ വിളി കേൾക്കുന്ന, അതിന് പരിഹാരം നിർദേശിക്കുന്ന അന്തിമ പ്രവാചകനെയാണ് നമുക്ക് കാണാൻ കഴിയുക.

മദീനയിലേക്ക് ഹിജ്റ വന്ന പ്രവാചകനിൽ നിന്നും താൻ ആദ്യം കേട്ട വാക്കുകൾ എന്തായിരുന്നുവെന്ന് ഒരുകാലത്ത് ജൂതനായിരുന്ന, പിന്നീട് പ്രവാചക ശിഷ്യനായി മാറിയ അബ്ദുല്ലാഹ് ഇബ്നു സലാം പറയുന്നുണ്ട്: "ജനങ്ങളേ, സലാം വ്യാപിപ്പിക്കുക, ഭക്ഷണം കൊടുക്കുക, രാത്രിയിൽ ജനങ്ങൾ ഉറങ്ങുമ്പോൾ നിങ്ങൾ എഴുന്നേറ്റ് നമസ്കരിക്കുക. എന്നാൽ സുരക്ഷിതരായി നിങ്ങൾ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്."


പ്രവാചക ജീവിതത്തിന് മുമ്പ് തന്നെ ഇത്തരം വിശിഷ്ട ഗുണങ്ങൾ ഒത്തുചേർന്ന മഹൽ വ്യക്തിത്വമായിരുന്നു നബിതിരുമേനിﷺ എന്ന് പ്രവാചകന്റെ പ്രിയപത്നി ഖദീജ(റ) സാക്ഷ്യം വഹിച്ചിട്ടുണ്ട്. പ്രവാചകത്വം ലഭിച്ച അന്ന് ആദ്യമായി ജിബ്രീലിനെ കണ്ട വേളയിൽ ഭയപ്പെട്ട് ഭാര്യയുടെ അടുക്കൽ എത്തിയ നബിയെ അവർ ആശ്വസിപ്പിക്കുന്നത് ഇപ്രകാരമാണ്: "അവിടുന്ന് ഒന്നുകൊണ്ടും ഭയപ്പെടേണ്ട. അങ്ങയെ അല്ലാഹു ഒരിക്കലും നിന്ദിക്കുകയില്ല. അങ്ങ് കുടുംബബന്ധം പുലർത്തുന്നു, വിഷമങ്ങൾ സഹിക്കുന്നു, നിരാലംബരെ സഹായിക്കുന്നു, അതിഥിയെ സൽകരിക്കുന്നു. ഇങ്ങനെയുള്ള അങ്ങയെ അല്ലാഹു ഒരിക്കലും ഒഴിവാക്കുകയില്ല."

പ്രവാചക ജീവിതത്തിന്റെ മഹനീയ മാതൃക ജീവിതചര്യയാക്കിയ അനുയായികൾ അന്യർക്ക് അന്നം നൽകുന്നതിൽ അതീവതൽപരരായിരുന്നു. രാത്രി വിളക്കണച്ചു മകനു മാത്രമുണ്ടായിരുന്ന ഭക്ഷണം അതിഥിക്ക് നൽകിയ അൻസ്വാരിയെ വിശുദ്ധ ക്വുർആൻ പുകഴ്ത്തിപ്പറയുന്നുണ്ട്. വിശ്വാസ സംരക്ഷണത്തിനുവേണ്ടി മക്കയിൽ നിന്നും പലായനത്തിന് പുറപ്പെട്ട സമ്പന്നനായിരിന്ന അബൂബക്കറി(റ)നെ വഴിയിൽവെച്ച് ബഹുദൈവ വിശ്വാസിയായ ഇബ്നു ദുഗിന്ന കണ്ടുമുട്ടി. അദ്ദേഹം പറഞ്ഞു: 'താങ്കളെപ്പോലുള്ളവർ ഇവിടെ നിന്നും പോകുവാനോ പുറത്താക്കപ്പെടുവാനോ പാടില്ല. കാരണം താങ്കൾ പാവങ്ങൾക്ക് ധനം നൽകുന്നു, കുടുംബബന്ധം ചേർക്കുന്നു, മറ്റുള്ളവരുടെ ഭാരം വഹിക്കുന്നു, അതിഥിയെ സൽകരിക്കുന്നു, ദുരിതങ്ങളും ആപത്തുകളും ബാധിച്ചവരെ സഹായിക്കുന്നു."

ജാഹിലിയ്യ യുഗത്തിൽ തന്നെ പാവങ്ങളെ ഭക്ഷിപ്പിക്കലും അവരെ വിരുന്നൂട്ടലും അറബികൾക്ക് അങ്ങേയറ്റം പ്രിയപ്പെട്ട കാര്യമായിരുന്നു. പ്രവാചകത്വത്തിന് മുമ്പ് മക്കയിൽ ഉണ്ടായിരുന്ന അബ്ദുല്ലാഹ് ഇബ്നു ജദ്ആനും ക്രൈസ്തവനായിരുന്ന ഗോത്ര നേതാവ് ഹാതിമുത്താഇയും ഈ വിഷയത്തിൽ അറിയപ്പെട്ട വ്യക്തികളായിരുന്നു.

വിളറി വെളുത്തു വയറൊട്ടിയ ഒരുകൂട്ടം ആളുകൾ മദീനയിലെത്തിയപ്പോൾ അവരുടെ ഊരും പേരും ഗോത്രവും ചോദിച്ചറിയാനല്ല നബിതിരുമേനിﷺ വെമ്പൽ കൊണ്ടത്. അവരുടെ കഷ്ടപ്പാട് കണ്ടപ്പോൾ നബിയുടെ മുഖത്ത് ദുഃഖം തളംകെട്ടി. മിമ്പറിൽ കയറി തന്റെ അനുയായികളെ വിളിച്ചുചേർത്ത് ഈ പാവപ്പെട്ടവരെ സഹായിക്കണം എന്ന് അഭ്യർഥിച്ചു. ജനങ്ങൾ ഓരോരുത്തരായി തങ്ങളുടെ കയ്യിലുള്ള ഭക്ഷണവും വസ്ത്രവും ദീനാറും ദിർഹമും കൊണ്ടുവന്നു. അത് പ്രവാചകന്റെ മുമ്പിൽ ഒരു കൂമ്പാരമായി. അപ്പോൾ പ്രവാചകന്റെ മുഖം വിടർന്നു.

ഏറ്റവും വലിയ സൽകർമം ഏതാണെന്ന് ചോദിച്ച സ്വഹാബിയോട് നബിﷺയുടെ മറുപടി ഇപ്രകാരമായിരുന്നു: "ജനങ്ങൾക്ക് ഭക്ഷണം കൊടുക്കുക, നിനക്ക് പരിചയമുള്ളവരോടും ഇല്ലാത്തവരോടും സലാം പറയുക."



പ്രവാചക സവിധത്തിലേക്ക് ഒരു ഗ്രാമീണ അറബി കടന്നുവന്ന് ഇപ്രകാരം ചോദിച്ചു: "അല്ലാഹുവിന്റെ ദൂതരേ, സ്വർഗത്തിൽ പ്രവേശിക്കുവാൻ സാധ്യമായ ഒരു പ്രവർത്തനം താങ്കൾ എന്നെ പഠിപ്പിച്ചു തരണം." നബിﷺ പറഞ്ഞു: "താങ്കളുടെ ചോദ്യത്തിലെ വാക്കുകൾ കുറവാണെങ്കിലും അതിൽ ആവശ്യപ്പെട്ടിരിക്കുന്നത് വലിയ ഒരു കാര്യമാണ്. താങ്കൾ അടിമയെ മോചിപ്പിക്കുകയോ അതിനു സഹായിക്കുകയോ ചെയ്യുക... ഇതിനൊന്നും സാധ്യമല്ലെങ്കിൽ വിശക്കുന്നവന് ഭക്ഷണം കൊടുക്കുകയും ദാഹിക്കുന്നവന് വെള്ളം കൊടുക്കുകയും നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുക. ഇതിനൊന്നും സാധ്യമല്ലെങ്കിൽ നിന്റെ നാവിനെ അടക്കി നിർത്തുക."

സാധുവിന് ഭക്ഷണം നൽകണമെന്ന് ക്വുർആൻ ഒന്നിലധികം സ്ഥലങ്ങളിലൂടെ കൽപിക്കുന്നുണ്ട്. മനുഷ്യൻ ദൈവിക കൽപനകൾ എത്രമാത്രം പാലിക്കുന്നവനാണ് എന്ന തിരിച്ചറിവാണ് ബലികർമത്തിൽ ഉള്ളത്. അതോടൊപ്പം സാധുക്കൾക്ക് വിശപ്പടക്കാനുള്ള വഴിയും അതിൽ ഉണ്ട്. അല്ലാഹു പറയുന്നു

"(നാം അദ്ദേഹത്തോട് പറഞ്ഞു:) ജനങ്ങൾക്കിടയിൽ നീ തീർഥാടനത്തെ പറ്റി വിളംബരം ചെയ്യുക. നടന്നുകൊണ്ടും വിദൂരമായ സകല മലമ്പാതകളിലൂടെയും വരുന്ന എല്ലാവിധ മെലിഞ്ഞ ഒട്ടകങ്ങളുടെ പുറത്ത് കയറിയും അവർ നിന്റെയടുത്ത് വന്നുകൊള്ളും. അവർക്ക് പ്രയോജനകരമായ രംഗങ്ങളിൽ അവർ സന്നിഹിതരാകുവാനും അല്ലാഹു അവർക്ക് നൽകിയിട്ടുള്ള നാൽകാലി മൃഗങ്ങളെ നിശ്ചിത ദിവസങ്ങളിൽ അവന്റെ നാമം ഉച്ചരിച്ചുകൊണ്ട് ബലികഴിക്കാനും വേണ്ടിയത്രെ അത്. അങ്ങനെ അവയിൽ നിന്ന് നിങ്ങൾ തിന്നുകയും പരവശനും ദരിദ്രനുമായിട്ടുള്ളവന് ഭക്ഷിക്കാൻ കൊടുക്കുകയും ചെയ്യുക" (ക്വുർആൻ 22:27,28).



സ്വർഗ പ്രവേശനത്തിനുള്ള വലിയൊരു കാരണമാണ് പാവപ്പെട്ടവന്റെ വിശപ്പു മാറ്റാൻ സഹായിക്കൽ. നബിﷺ ഒരിക്കൽ സ്വഹാബിമാരോട് ഒരു ചോദ്യം ചോദിച്ചു: "നിങ്ങളുടെ കൂട്ടത്തിൽ ഇന്ന് ഒരു സാധുവിന് ഭക്ഷണം നൽകിയത് ആരാണ്?" അപ്പോൾ അബൂബക്കർ رضي الله عنه പറഞ്ഞു: "ഞാൻ." റസൂൽﷺ വീണ്ടും പല ചോദ്യങ്ങളും ചോദിച്ചു അതിലൊക്കെയും അബൂബക്കർ رضي الله عنه 'അതെ റസൂലേ, ഞാൻ ചെയ്തു' എന്ന് പറഞ്ഞു. അപ്പോൾ നബിതിരുമേനിﷺ പറഞ്ഞു: "ഇങ്ങനെ ഒരാൾ ചെയ്താൽ അവർ സ്വർഗത്തിൽ പ്രവേശിക്കുക തന്നെ ചെയ്യും."

ഇമാം തിർമിദി ഉദ്ധരിക്കുന്ന ഒരു ഹദീഥ് ഇപ്രകാരമാണ്: "തീർച്ചയായും സ്വർഗത്തിൽ ചില റൂമുകൾ ഉണ്ട്. അതിന്റെ പുറംഭാഗം അകത്തുനിന്നും ഉൾഭാഗം പുറത്തുനിന്നും കാണാവുന്നതാണ്." അപ്പോൾ ഒരു ഗ്രാമീണ അറബി ചോദിച്ചു: "ദൈവദൂതരേ, അത് ആർക്കുള്ളതാണ്?" നബിﷺ പറഞ്ഞു: "സംസാരം നന്നാക്കുന്നവരും ഭക്ഷണം നൽകുന്നവരും നോമ്പ് അനുഷ്ഠിക്കുന്നവരും രാത്രി ജനങ്ങൾ ഉറങ്ങുമ്പോൾ നമസ്കരിക്കുന്നവരുമായ ആളുകൾകുള്ളതാണ് അത്."

'അയൽവാസി പട്ടിണി കിടക്കുമ്പോൾ വയറു നിറച്ച് ഭക്ഷിക്കുന്നവൻ വിശ്വാസിയല്ല' എന്ന് നബി പഠിപ്പിച്ചു. ഒരിക്കൽ തന്റെ അരുമ ശിഷ്യനോട് പ്രവാചകൻﷺ ഇപ്രകാരം പറഞ്ഞു: "അബൂദർറേ, നിങ്ങൾ കറി പാചകം ചെയ്താൽ അതിൽ വെള്ളം ചേർത്തെങ്കിലും അയൽവാസിയോടുള്ള ബാധ്യത നിറവേറ്റണം."

കേവലം മനുഷ്യർക്കു മാത്രമല്ല ജീവജാലങ്ങൾക്ക് പോലും അവയ്ക്കാവശ്യമായ ഉപജീവനം നൽകണമെന്നാണ് ഇസ്‌ലാം അനുശാസിക്കുന്നത്.

ഇമാം ബുഖാരിയും മുസ്‌ലിമും റിപ്പോർട്ട് ചെയ്യുന്ന ഒരു സംഭവം ഇപ്രകാരമാണ്: "ദാഹംകൊണ്ട് നിലംകപ്പുന്ന ഒരു നായയെ ഒരാൾ കണ്ടു. തനിക്ക് ബാധിച്ച ദാഹത്തിന്റെ തീക്ഷ്ണത ഈ മൃഗത്തിനും ഉണ്ടായിരിക്കുമല്ലോ എന്ന് അദ്ദേഹം ഊഹിക്കുകയും കിണറ്റിലിറങ്ങി തന്റെ ഷൂവിൽ വെള്ളം നിറച്ച് വായകൊണ്ട് കടിച്ചുപിടിച്ചു മുകളിലേക്ക് കയറി നായുടെ ദാഹം തീർക്കുകയും ചെയ്തു. അപ്പോൾ അല്ലാഹു അദ്ദേഹത്തോട് നന്ദികാണിക്കുകയും പാപങ്ങൾ പൊറുത്തു കൊടുക്കുകയും ചെയ്തു." ഇതുകേട്ട പ്രവാചക അനുചരൻമാർ ചോദിച്ചു: "മിണ്ടാപ്രാണികളുടെ കാര്യത്തിലും ഞങ്ങൾക്ക് പ്രതിഫലമുണ്ടോ പ്രവാചകരേ?" തിരുമേനിﷺ പ്രതി



വചിച്ചു: "പച്ചക്കരളുള്ള ഏതൊരു ജീവിയിലും പ്രതിഫലമുണ്ട്."

മറ്റൊരു നിവേദനത്തിൽ, ബനൂഇസ്‌റാഈല്യരിൽ ഉണ്ടായിരുന്ന ഒരു അഭിസാരികയാണ് നായക്ക് വെള്ളം കൊടുത്തതെന്നും അത് കാരണത്താൽ അവളുടെ പാപങ്ങൾ പൊറുക്കപ്പെട്ടു എന്നുമാണുള്ളത്.

സാധുക്കളുടെ പ്രശ്‌നങ്ങൾ കണ്ടറിയുകയും അവരുടെ വിശപ്പ് തീർക്കുകയും ചെയ്യുന്ന ആളുകളുടെ ജീവിതത്തിൽ ഐശ്വര്യങ്ങളും ധനവർധനവും ഉണ്ടാവുക തന്നെ ചെയ്യും. എന്നാൽ അവരെ അവഗണിക്കുകയും കണ്ടില്ലെന്ന് നടിക്കുകയും ചെയ്യുമ്പോൾ അല്ലാഹു നൽകിയ പല അനുഗ്രഹങ്ങളും ഇല്ലാതെയാകുവാൻ സാധ്യതയുണ്ട്.

സൂറഃ അൽക്വലമിൽ ഒരു തോട്ടക്കാരുടെ കഥ ക്വുർആൻ വിവരിക്കുന്നുണ്ട്. വിളവെടുപ്പിന് പാകമായ തങ്ങളുടെ തോട്ടത്തിലേക്ക് പുറപ്പെടുന്നതിന് മുമ്പ് പാവപ്പെട്ടവർക്ക് അതിൽനിന്ന് ഒന്നും കൊടുക്കുകയില്ലെന്ന് ചിലർ തീരുമാനിച്ചു. സാധുക്കൾ തങ്ങളെ കാണാതിരിക്കാൻ അതിരാവിലെ അവർ അങ്ങോട്ട് പുറപ്പെടുകയും ചെയ്തു. അവരുടെ പ്രവർത്തനത്തിന്റെ ദുരന്ത ഫലം അപ്പോൾ തന്നെ അവർ അനുഭവിച്ചു. എല്ലാം തകർന്നടിഞ്ഞ തോട്ടത്തെയാണ് അവർക്ക് അവിടെ ചെന്നപ്പോൾ കാണാൻ സാധിച്ചത് . പിന്നീട് സംഭവിച്ചത് അവരുടെ വിലാപവും ഖേദപ്രകടനവുമായിരുന്നു.

ഒരുപക്ഷേ, നരകാഗ്നിയിൽ നിന്നും മനുഷ്യനെ കാക്കുന്നത് അവൻ ഒരു സാധുവിന് നൽകിയ ഒരു പിടി ഭക്ഷണമായിരിക്കും. പ്രവാചകൻﷺ പറഞ്ഞു: 'ഒരു കാരക്കയുടെ ചീള് കൊണ്ടെങ്കിലും നിങ്ങൾ നരകത്തെ സൂക്ഷിക്കണേ.'

എഴുപത് മുഴമുള്ള ചങ്ങലയിൽ ബന്ധിക്കപ്പെട്ടു നരകാഗ്നിയുടെ ആഴങ്ങളിലേക്ക് വലി ച്ചെറിയപ്പെടുന്ന ആളുകൾ അതിൽ പ്രവേശിക്കുവാനുള്ള കാരണമായി ക്വുർആൻ പറയുന്നത് 'മഹാനായ അല്ലാഹുവിൽ അവർ വിശ്വസിച്ചിരുന്നില്ല, സാധുക്കൾക്ക് ഭക്ഷണം നൽകുവാൻ അവർ പ്രേരിപ്പിച്ചിരുന്നില്ല' എന്നാണ്!

സൂറഃ അൽഫജ്‌റിൽ മനുഷ്യർ അല്ലാഹുവിന്റെ ആക്ഷേപത്തിന് വിധേയരാകാൻ കാരണമായി പറയുന്നത് യതീമിനെ ആദരിക്കാത്തതും സാധുവിന് ഭക്ഷണം നൽകുവാൻ പ്രേരിപ്പിക്കാത്തതുമാണ്. മതത്തെ തന്നെ കളവാക്കുന്നവന്റെ ലക്ഷണമായി ക്വുർആൻ പറയുന്നത് യതീമിനെ ആട്ടിയോടിക്കുന്ന, സാധുവിന് ഭക്ഷണം നൽകാൻ പ്രേരിപ്പിക്കുന്നില്ല എന്നിവയാണ്.

പാവപ്പെട്ടവർക്ക് ഭക്ഷണം നൽകൽ എത്രമാത്രം പുണ്യകരമാണെന്ന് ഒരു ക്വുദ്‌സിയ്യായ ഹദീഥിലൂടെ നമുക്ക് മനസ്സിലാക്കാൻ സാധിക്കും: പരലോകത്ത് മനുഷ്യരെ വിചാരണ ചെയ്യുന്ന വേളയിൽ അല്ലാഹു ഒരാളോട് പറയുന്നു: 'ആദമിന്റെ പുത്രാ, ഞാൻ നിന്നോട് ഭക്ഷണം ആവശ്യപ്പെട്ടു; പക്ഷേ, നീ എന്നെ ഭക്ഷിപ്പിച്ചില്ല.' അപ്പോൾ അയാൾ ചോദിക്കുന്നു: 'പ്രപഞ്ചത്തിന്റെ രക്ഷിതാവായ നിന്നെ ഞാനെങ്ങനെ ഭക്ഷിപ്പിക്കാനാണ്?' അല്ലാഹു പറയും: 'നിനക്കറിയില്ലേ, എന്റെ ഒരു അടിമ നിന്നോട് ഭക്ഷണം ആവശ്യപ്പെട്ടു, അപ്പോൾ നീ അവനത് നൽകിയില്ല. നീയെങ്ങാനും അവന് വല്ലതും ഭക്ഷിക്കുവാൻ കൊടുത്തിരുന്നുവെങ്കിൽ അത് എന്റെ അടുക്കൽ നിനക്ക് കാണാമായിരുന്നു."

യഥാർഥത്തിൽ ഇത്തരം സൽകർമങ്ങൾ കൊണ്ടുള്ള ലക്ഷ്യം അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുക എന്നത് മാത്രമാണ്. ജനങ്ങളുടെ പ്രശംസയും പുകഴ്ത്തലും അറിയപ്പെടണം എന്ന ഉദ്ദേശ്യവുമായിരിക്കരുത്.

സത്യവിശ്വാസികളുടെ ലക്ഷണമായി അല്ലാഹു പറയുന്നു: "ആഹാരത്തോട് പ്രിയമുള്ളതോടൊപ്പം തന്നെ അഗതിക്കും അനാഥയ്ക്കും തടവുകാരന്നും അവരത് നൽകുകയും ചെയ്യും. (അവർ പറയും:) അല്ലാഹുവിന്റെ പ്രീതിക്കു വേണ്ടി മാത്രമാണ് ഞങ്ങൾ നിങ്ങൾക്ക് ആഹാരം നൽകുന്നത്. നിങ്ങളുടെ പക്കൽ നിന്ന് യാതൊരു പ്രതിഫലവും നന്ദിയും ഞങ്ങൾ ആഗ്രഹിക്കുന്നില്ല" (സൂറഃ അൽ ഇൻസാൻ 8,9).

മുജീബ് ഒട്ടുമ്മൽ
mujeeb.ottummal@gmail.com



# ജലം അമൂല്യമാണ്: പങ്കുവയ്ക്കുക, പാഴാക്കരുത്

**ജീവന്റെ ഉൽഭവം ജലത്തിൽ നിന്നാണ്. എല്ലാ ജീവജാലങ്ങളുടെയും നിലനിൽപിന്റെ ആധാരവും ജലം തന്നെ. വായുവും വെള്ളവും വെളിച്ചവുമെല്ലാം അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹങ്ങളാണ്. അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കാത്തവർക്ക് ശക്തമായ ശിക്ഷയും നന്ദികാണിക്കുന്നവർക്ക് വർധനവും സ്രഷ്ടാവ് നൽകുമെന്നതിന് ചരിത്രം സാക്ഷിയാണ്. കേരളം കണ്ട ഏറ്റവും വലിയ പ്രളയത്തിന് ഒരു വർഷം തികയുന്നതിന് മുമ്പ് തന്നെ വരൾച്ചയുടെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നു. കോവിഡെന്ന മഹാമാരിയുടെ മുന്നിൽ പകച്ചു നിൽക്കുന്ന സമൂഹത്തിലേക്ക് വരൾച്ച കൂടി കടന്നുവരുമ്പോൾ നാം തിരിച്ചറിയേണ്ടത് എന്താണ്?**

വിക്ടോറിയ വെള്ളച്ചാട്ടം ആഫ്രിക്കയിലെ ഏറ്റവും വലിയ ആകർഷകമായ പ്രകൃതി സൗന്ദര്യമാണ്. സാംബിയയുടെയും സിംബാബ്‌വേയുടെയും അതിർത്തിയിലുള്ള ഈ വെള്ളച്ചാട്ടം നയാഗ്രയെക്കാൾ ഇരട്ടി ഉയരമുള്ള അത്ഭുതമാണ്. എല്ലാ വർഷവും സിംബാബ്‌വേയിലേക്കും സാംബിയയിലേക്കും ഇത് കാരണമായി ദശലക്ഷക്കണക്കിന് വിനോദസഞ്ചാരികളാണ് എത്താറുള്ളത്. എന്നാൽ നൂറ്റാണ്ടിലെത്തന്നെ അതിരൂക്ഷമായ വരൾച്ച ബാധിച്ചപ്പോൾ വിക്ടോറിയ ഏതാണ്ട് ഇല്ലാതായിരിക്കുകയാണ്.

ദക്ഷിണാഫ്രിക്കയിലെ ഏറ്റവും വലിയ നഗരങ്ങളിലൊന്നായ കേപ്ടൗൺ നഗരം 2017ന്റെ മധ്യത്തോടെ ജലക്ഷാമം നേരിടാൻ തുടങ്ങിയിരുന്നു. ജല സ്രോതസ്സുകൾ വറ്റിവരളുകയും സസ്യങ്ങൾ കരിഞ്ഞുണങ്ങുകയും ജീവജാലങ്ങൾ ചത്തൊടുങ്ങുകയും മനുഷ്യർ പലായനത്തിന് നിർബന്ധിതമാവുകയും ചെയ്ത ഭീതിജനകമായ സാഹചര്യമായിരിക്കുന്നു.

ഒരു നഗരം മുഴുവനും വരിനിൽക്കുകയാണ്. ഓരോ വരിയും അവസാനിക്കുന്നത് പൈപ്പിൻ ചുവട്ടിലോ വെള്ളം നിറച്ച വീപ്പയുടെ മുന്നിലോ ആണ്. ഒരു ദിവസത്തിന്റ ജലസാന്നിധ്യമാവശ്യമായ എല്ലാ കാര്യത്തിനും കുടി അനുവദിച്ചിരിക്കുന്നത് വെറും 49 ലിറ്റർ വെള്ളമാണത്രെ! ഓരോ ദിവസവും വീട്ടിലെത്തുന്ന ഈ പരിമിതമായ വെള്ളം കുടിക്കാനും ഭക്ഷണം പാചകം ചെയ്യാനും ഉപയോഗിച്ചതിന് ശേഷം മിച്ചംവരുന്നത് മാത്രം മറ്റു ആവശ്യങ്ങൾക്ക് ഉപയോഗിക്കും. അതിനാൽ ഷവറിന് താഴെ കുളിക്കാൻ ഒരാളെടുക്കുന്ന സമയം വെറും ഒന്നര മിനുട്ടാണ്. 'ജലാടിയന്തരാവസ്ഥ' എന്ന് വിശേഷിപ്പിക്കാവുന്ന 'ഡേ സിറോ' പ്രഖ്യാപിക്കുമെന്ന ഭീതിയിൽ കഴിയുന്ന ജനത ജലക്ഷാമത്തിന്റെ കെടുതിയനുഭവിക്കുന്നവരു ടെ നേർചിത്രമാണ്.

'വെള്ളം വെള്ളം സർവത്ര, തുള്ളി കുടിപ്പാനില്ലത്രെ!' എന്ന ആപ്തവാക്യത്തെ അന്വർഥമാക്കുമാറ് 97 ശതമാനവും വെള്ളത്താൽ വലയം ചെയ്യപ്പെട്ട ഭൂമിയിൽ ദാഹജലത്തിനായുള്ള ഓട്ടത്തിനിടയിൽ വാടിത്തളർന്ന ജീവിതങ്ങളും ധാരാളമുണ്ട്'

കേരളത്തിലെ മഹാപ്രളയങ്ങളിൽ കെടുതിയനുഭവിച്ചതിന്റെ ഭീതി ഇപ്പോഴും വിട്ടുമാറിയിട്ടില്ല. എന്നിട്ടും ശുദ്ധജലത്തിന് വേണ്ടി കേഴുന്ന പ്രദേശങ്ങൾ കേരളത്തിൽപോലും അധികരിച്ച് വരുന്നു. പ്രകൃതിയിലെ വിഭവങ്ങളെ ആവശ്യാനുസരണം ഉപയോഗിക്കുന്നതിന് പകരം അത്യാർത്തിയിൽ ശുദ്ധജല സ്രോതസ്സുകൾ പോലും മലിനമാക്കപ്പെടുന്നവിധം അശ്രദ്ധയിലാണ്ട ജീവിതമാണിന്ന് മനുഷ്യൻ നയിക്കുന്നത്. പരസ്പരം പങ്കുവയ്ക്കുകയും സംരക്ഷിക്കുകയും ചെയ്യേണ്ട ജലം ഇന്ന് അമിതോപയോഗത്തിലും ഉപഭോഗത്വരയാലുള്ള മാലിന്യങ്ങളിലും വറ്റിവരണ്ട് ഉണങ്ങുകയാണ്. ജലത്തിന്റെ അമൂല്യതയും പ്രാധാന്യവും തിരിച്ചറിയുമാറ് ശുദ്ധജലം ക്രമേണ കുറഞ്ഞ് വരുന്നതായാണ് വിലയിരുത്തപ്പെടുന്നത്.

## വെള്ളമെന്ന മഹത്തായ അനുഗ്രഹം

വെള്ളത്തിൽ നിന്നാണ് സർവജീവികളുടെയും ഉൽഭവം: "ആകാശങ്ങളും ഭൂമിയും ഒട്ടിച്ചേർന്നതായിരുന്നുവെന്നും എന്നിട്ട് നാം അവയെ വേർപെടുത്തുകയാണുണ്ടായതെന്നും സത്യനിഷേധികൾ കണ്ടില്ലേ? വെള്ളത്തിൽ നിന്ന് എല്ലാ ജീവവസ്തുക്കളും നാം ഉണ്ടാക്കുകയും ചെയ്തു. എന്നിട്ടും അവർ വിശ്വസിക്കുന്നില്ലേ?" (ക്വുർആൻ 21:30).

"അവൻ തന്നെയാണ് വെള്ളത്തിൽ നിന്ന് മനുഷ്യനെ സൃഷ്ടിക്കുകയും അവനെ രക്തബന്ധമുള്ളവനും വിവാഹബന്ധമുള്ളവനും ആക്കുകയും ചെയ്തിരിക്കുന്നത്. നിന്റെ രക്ഷിതാവ് കഴിവുള്ളവനാകുന്നു." (ഫുർഖാൻ: 54)

മനുഷ്യർക്കും മറ്റു ജീവജാലങ്ങൾക്കും ഉപജീവനത്തിനാവശ്യമായ സസ്യലതാതികളും പഴവർഗങ്ങളും ഫലങ്ങളുമെല്ലാം വെള്ളം മുഖേനയാണ് പ്രപഞ്ച സ്രഷ്ടാവായ അല്ലാഹു സംവിധാനിച്ചിരിക്കുന്നത്.

"അവനാണ് ആകാശത്ത് നിന്ന് വെള്ളം ചൊരിഞ്ഞുതന്നവൻ. എന്നിട്ട് അത് മുഖേന നാം എല്ലാ വസ്തുക്കളുടെയും മുളകൾ പുറത്ത് കൊണ്ടുവരികയും അനന്തരം അതിൽ നിന്ന് പച്ചപിടിച്ച ചെടികൾ വളർത്തിക്കൊണ്ട് വരികയും ചെയ്തു. ആ ചെടികളിൽ നിന്ന് നാം തിങ്ങിനിറഞ്ഞ ധാന്യം പുറത്ത് വരുത്തുന്നു. ഈന്തപ്പനയിൽ നിന്ന് അഥവാ അതിന്റെ കൂമ്പോളയിൽ നിന്ന് തൂങ്ങിനിൽക്കുന്ന കുലകൾ പുറത്ത് വരുന്നു. (അപ്രകാരം തന്നെ) മുന്തിരിത്തോട്ടങ്ങളും പരസ്പരം തുല്യത തോന്നുന്നതും എന്നാൽ ഒരുപോലെയല്ലാത്തതുമായ ഒലീവും മാതളവും (നാം ഉൽപാദിപ്പിച്ചു). അവയുടെ കായ്കൾ കായ്ച്ച് വരുന്നതും മൂപ്പെത്തുന്നതും നിങ്ങൾ നോക്കൂ. വിശ്വസിക്കുന്ന ജനങ്ങൾക്ക് അതിലെല്ലാം ദൃഷ്ടാന്തങ്ങളുണ്ട്" (ക്വുർആൻ 6:99).



"നീ കണ്ടില്ലേ; അല്ലാഹു ആകാശത്ത് നിന്നും വെള്ളം ചൊരിഞ്ഞു. എന്നിട്ട് അത് മുഖേന വ്യത്യസ്ത വർണങ്ങളുള്ള പഴങ്ങൾ നാം ഉൽപാദിപ്പിച്ചു...'' (ക്വുർആൻ 35:27).

"നീ കണ്ടില്ലേ, അല്ലാഹു ആകാശത്തുനിന്ന് വെള്ളം ചൊരിഞ്ഞു. എന്നിട്ട് ഭൂമിയിലെ ഉറവിടങ്ങളിൽ അതവൻ പ്രവേശിപ്പിച്ചു. അനന്തരം അത് മുഖേന വ്യത്യസ്ത വർണങ്ങളിലുള്ള വിള അവൻ ഉൽപാദിപ്പിക്കുന്നു. പിന്നെ അത് ഉണങ്ങിപ്പോകുന്നു. അപ്പോൾ അത് മഞ്ഞനിറം പൂണ്ടതായി നിനക്ക് കാണാം. പിന്നീട് അവൻ അതിനെ വൈക്കോൽ തുരുമ്പാക്കുന്നു. തീർച്ചയായും അതിൽ ബുദ്ധിമാൻമാർക്ക് ഒരു ഗുണപാഠമുണ്ട്" (ക്വുർആൻ 39:21).

ശബ്ദത്തെക്കാൾ ഏഴ് ഇരട്ടി വേഗതയുള്ള സൂപ്പർ സോണിക് വിമാനങ്ങളും കോൺകേഡുകളും ഉപയോഗിച്ച് സഞ്ചരിക്കുന്ന ആധുനിക മനുഷ്യന്റ പുരോഗതി വിവരണാതീതമാണ്. അന്യഗ്രഹങ്ങളിലേക്ക് വിനോദസഞ്ചാരം നടത്താനും ശൂന്യാകാശത്ത് സ്റ്റാർ ഹോട്ടലുകൾ പണിയാനുമൊക്കെ അവൻ ചിന്തിച്ചുതുടങ്ങിയിരിക്കുന്നു. എന്നിട്ടും മണ്ണിനും ജീവനുമാവശ്യമായ ജലത്തിന്റെ ക്ഷാമത്തെ അതിജയിക്കാനാ കുന്നില്ല. ദാഹജലത്തിന്നായി കേഴുന്ന ജീവജാലങ്ങൾക്ക് ആശ നൽകി ആകാശത്ത് ഉരുണ്ടുകൂടുന്ന കാർമേഘപാളികൾ ഒരു തുള്ളി ജലം പോലും പൊഴിക്കാതെ എങ്ങോ പോയ് മറയുന്നു. അല്ലാഹു വിചാരിച്ചെങ്കിലല്ലാതെ ഒരു തുള്ളിയും നമുക്ക് ലഭിക്കാൻ പോകുന്നില്ല. ആർത്തലച്ച് പെയ്തിറങ്ങുന്ന പേമാരിയെ തടുക്കാനും മനുഷ്യൻ അശക്തനാണ്.

അല്ലാഹു പറയുന്നു: "അവൻ (അല്ലാഹു) ആകാശത്ത് നിന്ന് വെള്ളം ചൊരിഞ്ഞു. എന്നിട്ട് താഴ്വരകളിലൂടെ അവയുടെ (വലുപ്പത്തിന്റെ) തോത് അനുസരിച്ച് വെള്ളമൊഴുകി"(ക്വുർആൻ 13:17).

"അവനാണ് ആകാശത്ത് നിന്ന് വെള്ളം ചൊരിഞ്ഞുതന്നത്. അതിൽ നിന്നാണ് നിങ്ങളുടെ കുടിനീര്. അതിൽ നിന്നുതന്നെയാണ് നിങ്ങൾ (കാലികളെ) മേയ്ക്കുവാനുള്ള ചെടികളുമുണ്ടാകുന്നത്" (ക്വുർആൻ 16:10).

"അല്ലാഹു ആകാശത്ത് നിന്ന് വെള്ളം ചൊരിഞ്ഞുതരികയും, അത് മൂലം ഭൂമിയെ അത് നിർജീവമായി കിടന്നതിന് ശേഷം അവൻ സജീവമാക്കുകയും ചെയ്തു. കേട്ട് മനസ്സിലാക്കുന്ന ആളുകൾക്ക് തീർച്ചയായും അതിൽ ദൃഷ്ടാന്തമുണ്ട്"(ക്വുർആൻ16:65).

### ജലസമൃദ്ധി നിലനിർത്താൻ ചില പാഠങ്ങൾ

ജലക്ഷാമം അതിരൂക്ഷമാകുന്നതിന് പല കാരണങ്ങൾ പറയാറുണ്ട്. മനുഷ്യന്റ വികസന പദ്ധതികളിലെ പ്രകൃതിവിരുദ്ധതയും മണ്ണിനോട് ചേരാത്ത ചില ഉൽപന്നങ്ങളുടെ ആധിക്യവും വനനശീകരണവും നഗരവൽകരണവുമെല്ലാം അതിൽ പെടുന്നു.

ജനസാന്ദ്രത കൂടുന്നതിനാൽ വെള്ളത്തിന്റ ഉപയോഗം അധികരിക്കുന്നുവെന്നും അതിനാൽ ജലക്ഷാമം രൂക്ഷമാകുന്നതിന്റ ഒരു കാരണം ജനപ്പെരുപ്പമാണെന്നും വിലയിരുത്തുന്ന ചില ബുദ്ധിശൂന്യരുണ്ട്. ജനപ്പെരുപ്പം കൂടിയ രാഷ്ട്രങ്ങളിലെ ജലസമൃദ്ധിയും ജനസാന്ദ്രത കുറഞ്ഞ രാജ്യങ്ങളിലെ വരൾച്ചയും ഇത്തരം കണ്ടെത്തലുകളിൽ അബദ്ധമുണ്ടെന്ന് മനസ്സിലാക്കാൻ പര്യാപ്തമാണ്.



ജലസമൃദ്ധിക്കായി ദൈവിക മതമായ ഇസ്‌ലാം ചില പാഠങ്ങൾ പകർന്നു നൽകുന്നുണ്ട്. മനുഷ്യൻ തന്റെ ജീവിതത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളാണവ. അതിലൊന്ന് യഥാർഥ വിശ്വാസവും സൂക്ഷ്മതാ ബോധവുമാണ്.

"ആ നാടുകളിലുള്ളവർ വിശ്വസിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്

തിരുന്നെങ്കിൽ ആകാശത്തുനിന്നും ഭൂമിയിൽ നിന്നും നാം അവർക്കു അനുഗ്രഹങ്ങൾ തുറന്നുകൊടുക്കുമായിരുന്നു. പക്ഷേ, അവർ നിഷേധിച്ചുതള്ളുകയാണ് ചെയ്തത്. അപ്പോൾ അവർ ചെയ്ത് വെച്ചിരുന്നതിന്റെ ഫലമായി നാം അവരെ പിടികൂടി" (ക്വുർആൻ 7:96).

ഇമാം സഅദി(റഹ്) ഈ വചനത്തെ ഇങ്ങനെ വിശദീകരിക്കുന്നു: "ആ നാടുകളിലുള്ളവർ അവരുടെ വിശ്വാസത്തിൽ സത്യസന്ധത പുലർത്തുകയും സൽകർമങ്ങൾ അനുഷ്ഠിക്കുകയും രഹസ്യമായും പരസ്യ മായും സൂക്ഷ്മത പുലർത്തുകയും നിഷിദ്ധങ്ങളിൽ നിന്ന് ഒഴിഞ്ഞുനിൽക്കുകയും ചെയ്തിരുന്നെങ്കിൽ അല്ലാഹു അവരുടെ മേൽ ആകാശത്തുനിന്ന് അനുഗ്രഹം വർഷിക്കുമായിരുന്നു. അവരുടെ മേൽ മഴ പെയ്യിപ്പിക്കുകയും സസ്യലതാതികൾ മുളപ്പിക്കുകയും ഐശ്വര്യപൂർണമായ ജീവിതം പ്രധാനം ചെയ്യുകയും ചെയ്യുമായിരുന്നു."

രണ്ടാമത്തേത് മതത്തിൽ നേരെചൊവ്വെ നിലനിൽക്കലാണ്. അല്ലാഹു പറയുന്നു: "ആ മാർഗത്തിൽ (ഇസ്‌ലാമിൽ) അവർ നേരെ നിലകൊള്ളുകയാണെങ്കിൽ നാം അവർക്ക് ധാരാളമായി വെള്ളം കുടിക്കാൻ നൽകുന്നതാണ്" (ക്വുർആൻ 72:16).

"തൗറാത്തും ഇൻജീലും അവർക്ക് അവരുടെ രക്ഷിതാവിങ്കൽ നിന്ന് അവതരിപ്പിക്കപ്പെട്ട സന്ദേശങ്ങളും അവർ നേരാംവണ്ണം നിലനിർത്തിയിരുന്നെങ്കിൽ തങ്ങളുടെ മുകൾഭാഗത്ത് നിന്നും കാലുകൾക്ക് ചുവട്ടിൽ നിന്നും അവർക്ക് ആഹാരം ലഭിക്കുമായിരുന്നു. അവരിൽ തന്നെ മിതത്വം പാലിക്കുന്ന ഒരു സമൂഹമുണ്ട്. എന്നാൽ അവരിൽ അധികം പേരുടെയും പ്രവർത്തനങ്ങൾ വളരെ ചീത്ത തന്നെ" (ക്വുർആൻ 5:66).

### സ്രഷ്ടാവിനോട് നന്ദിയുള്ളവരാവുക

ജലം സമൃദ്ധമായുണ്ടെങ്കിലും 97 ശതമാനത്തിലേറെയും ഉപ്പുരസം കലർന്നതാണ്. ശുചീകരികരണത്തിനും പാനം ചെയ്യാനുമുള്ള ശുദ്ധജലം വളരെ പരിമിതവുമാണ്. ഏറ്റവും വലിയ അനുഗ്രഹങ്ങളിലൊന്നാണല്ലോ ശുദ്ധജലം. അത് ആവശ്യത്തിന് ലഭ്യമാവുകയെന്നത് വലിയ സൗഭാഗ്യവുമാണ്. വെള്ളമെന്ന അനുഗ്രഹത്തിന് സ്രഷ്ടാവിനോട് നാം നന്ദികാണിച്ചാൽ ആ അനുഗ്രഹം അവൻ വർധിപ്പിച്ചു തരുന്നതാണ്. അല്ലാഹു പറയുന്നു:

"നിങ്ങൾ നന്ദികാണിച്ചാൽ തീർച്ചയായും ഞാൻ നിങ്ങൾക്ക്(അനുഗ്രഹം) വർധിപ്പിച്ചു തരുന്നതാണ്..." (ക്വുർആൻ 14:7).

ഒരിക്കൽ മഴ പെയ്തപ്പോൾ നബിﷺ പറഞ്ഞു: "ജനങ്ങളിൽ ഒരു വിഭാഗം നന്ദി ചെയ്യുന്നവരും മറ്റു ചിലർ നന്ദികേട് കാണിക്കുന്നവരുമാണ്. അവരിൽ ചിലർ മഴയെ കുറിച്ച് ഇത് അല്ലാഹുവിന്റെ കാരുണ്യമാണെന്ന് പറയും. മറ്റു ചിലർ രാശി കാരണമാണ് മഴ പെയ്യുന്നതെന്നും പറയും." അപ്പോൾ 'അല്ല, നക്ഷത്രങ്ങളുടെ അസ്തമന സ്ഥാനങ്ങളെകൊണ്ട് ഞാൻ സത്യം ചെയ്തു പറയുന്നു' എന്ന (സൂറത്തുൽ വാക്വിഅയിലെ) ആയത്ത് മുതൽ 'സത്യത്തെ നിഷേധിക്കുക എന്നത് നിങ്ങൾ നിങ്ങളുടെ വിഹിതമാക്കുകയാണോ?' എന്ന ആയത്ത് വരെയുള്ള ഭാഗങ്ങൾ അവതരിക്കുകയുണ്ടായി എന്ന് ഇബ്നു അബ്ബാസ്‌ رضي الله عنه രേഖപ്പെടുത്തുന്നു.



### അനുഗ്രഹം ശിക്ഷയായി മാറും

അനുഗ്രഹങ്ങൾക്ക് നന്ദികേട് കാണിച്ചാൽ അല്ലാഹുവിന്റെ ശിക്ഷക്ക് അത് കാരണമാകുമെന്ന് പൂർവകാല സമൂഹങ്ങളുടെ ചരിത്രങ്ങളിൽ നിന്ന് മനസ്സിലാക്കാനാകും. വെള്ളം അധികമായി വർഷിച്ച് കൊണ്ടും മഴ ലഭിക്കാതെയും വെള്ളം വറ്റിച്ച് കളഞ്ഞും ഉപ്പ് രസമുള്ളതാക്കിയും ശിക്ഷ നൽകിയിട്ടുണ്ട്.

നൂഹ് നബിعليه السلامയുടെ ജനതയെ അമിതമായ മഴ വർഷിപ്പിച്ചുകൊണ്ട് നശിപ്പിച്ച് കളഞ്ഞു. വിശ്വാസികൾ രക്ഷപ്പെടുകയും ചെയ്തു. അല്ലാഹു പറയുന്നു: "അപ്പോൾ കുത്തിച്ചൊരിയുന്ന വെള്ളവും കൊണ്ട് ആകാശത്തിന്റെ കവാടങ്ങൾ നാം തുറന്നു. ഭൂമിയിൽ നാം ഉറവുകൾ പൊട്ടിക്കുകയും ചെയ്തു. അങ്ങനെ നിർണയിക്കപ്പെട്ടു കഴിഞ്ഞ ഒരു കാര്യത്തിന്നായി വെള്ളം സന്ധിച്ചു" (ക്വുർആൻ 54:11,12).

സത്യവിശ്വാസികൾ ഭയാനകമായ



ശിക്ഷയിൽ നിന്ന് അല്ലാഹു രക്ഷപ്പെടുത്തിയ ശേഷം ഇങ്ങനെ പറഞ്ഞു.

'ഭൂമീ! നിന്റെ വെള്ളം നീ വിഴുങ്ങൂ. ആകാശമേ, മഴ നിർത്തൂ എന്ന് കൽപന നൽകപ്പെട്ടു. വെള്ളം വറ്റുകയും ഉത്തരവ് നിറവേറ്റപ്പെടുകയും ചെയ്തു. അത് (കപ്പൽ) ജൂദി പർവതത്തിന്മേൽ ഉറച്ചുനിൽക്കുക യും ചെയ്തു. അക്രമികളായ ജനതയ്ക്ക് നാശം എന്ന് പറയപ്പെടുകയും ചെയ്തു" (ക്വുർആൻ 11:44).

സമ്പൽ സമൃദ്ധിയിൽ ജീവിച്ചിരുന്ന യമനിലെ സബഅ് ഗോത്രവും ഒരു ദൃഷ്ടാന്തമാണ്. അവർ വെള്ളം അണകെട്ടി ശേഖരിച്ചിരുന്നു.അവർ അനുഭവിക്കുന്ന സമൃദ്ധിക്ക് സ്രഷ്ടാവിനോട് നന്ദിയുള്ളവരാ കാൻ കൽപിക്കപ്പെട്ടു. എന്നാൽ അവർ നിഷേധികളും നന്ദികെട്ടവരും ധിക്കാരികളുമായി മാറി. അതിനാൽ അവർക്ക് സംഭവിച്ചതെന്തെന്ന് അല്ലാഹു വിവരിക്കുന്നു:

"തീർച്ചയായും സബഅ് ദേശക്കാർക്ക് തങ്ങളുടെ അധിവാസ കേന്ദ്രത്തിൽ തന്നെ ദൃഷ്ടാന്തമുണ്ടായി രുന്നു. അതായത്, വലതുഭാഗത്തും ഇടതുഭാഗത്തുമായി രണ്ടു തോട്ടങ്ങൾ. (അവരോട് പറയപ്പെട്ടു:) നിങ്ങളുടെ രക്ഷിതാവ് തന്ന ഉപജീവനത്തിൽ നിന്ന് നിങ്ങൾ ഭക്ഷിക്കുകയും അവനോട് നിങ്ങൾ നന്ദികാണിക്കുക യും ചെയ്യുക. നല്ലൊരു രാജ്യവും ഏറെ പൊറുക്കുന്ന രക്ഷിതാവും! എന്നാൽ അവർ പിന്തിരിഞ്ഞ് കളഞ്ഞു. അപ്പോൾ അണക്കെട്ടിൽ നിന്നുള്ള ജലപ്രവാഹത്തെ അവരുടെ നേരെ നാം അയച്ചു. അവരുടെ ആ രണ്ട് തോട്ടങ്ങൾക്ക് പകരം കയ്പുള്ള കായ്കനികളും കാറ്റാടി മരവും അൽപം ചില വാകമരങ്ങളും ഉള്ള രണ്ട് തോട്ടങ്ങൾ നാം അവർക്ക് നൽകുകയും ചെയ്തു. അവർ നന്ദികേട് കാണിച്ചതിന് നാം അവർക്ക് പ്രതിഫലമായി നൽകിയതാണത്. കടുത്ത നന്ദികേട് കാണിക്കുന്നവന്റെ നേരെയല്ലാതെ നാം ശിക്ഷാനടപടി എടുക്കുമോ?" (ക്വുർആൻ 34:15-17).

### മഴ തടയപ്പെടാനുള്ള കാരണങ്ങൾ

അല്ലാഹുവിൽ പങ്കുചേർക്കുക, സത്യനിഷേധത്തിൽ ഉറച്ചുനിൽക്കുക, അളവിലും തൂക്കത്തിലും കൃത്രിമം കാണിക്കുക, സകാത്ത് നൽകാതിരിക്കുക, പാപങ്ങൾ അധികരിക്കുക തുടങ്ങിയവ കാരണത്താൽ മഴ തടയപ്പെട്ടേക്കാം. ജലം രുചിയുള്ളതും ഉപയോഗപ്രദവുമായിട്ടാണ് സൃഷ്ടിക്കപ്പെട്ടത്. അതിന്റെ രുചി മാറ്റത്തിലൂടെയും ഉപ്പുരസം നൽകിയും ഉപയോഗശൂന്യമാക്കി മനുഷ്യൻ പരീക്ഷിക്കപ്പെടും.

പശ്ചാത്തപിച്ചും പാപമോചനം തേടിയും അല്ലാഹുവിനോട് പ്രാർഥിച്ചും ഇത്തരം പ്രതിസന്ധികളെ തരണം ചെയ്യാനാകും. വ്യക്തിപരമായ പ്രാർഥനകളും മഴക്ക് വേണ്ടിയുള്ള നമസ്കാരം സംഘടിതമായി നിർവഹിച്ചുമെല്ലാം സ്രഷ്ടാവിനോട് ഇത്തരം ഘട്ടങ്ങളിൽ അടുക്കുവാൻ തയ്യാറാകേണ്ടതുണ്ട്.

### ജല ദുർവിനിയോഗം തടയുക

ഇസ്‌ലാം മിതത്വം ഉൽഘോഷിക്കുന്ന മതമാണ്. അമിതത്വം നിരുൽസാഹപ്പെടുത്തുകയും അതിന്റെ ഭവിഷത്തുക്കളെ കുറിച്ച് താക്കീത് നൽകുകയും ചെയ്യുന്നു:

"ആദം സന്തതികളേ, എല്ലാ ആരാധനാലയത്തിങ്കലും (അഥവാ എല്ലാ ആരാധനാവേളകളിലും) നിങ്ങൾക്ക് അലങ്കാരമായിട്ടുള്ള വസ്ത്രങ്ങൾ ധരിച്ചുകൊള്ളുക നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ് തുകൊള്ളുക. എന്നാൽ നിങ്ങൾ ദുർവ്യയം ചെയ്യരുത്. ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടു കയേയില്ല" (ക്വുർആൻ 7:31).

"ചെലവുചെയ്യുകയാണെങ്കിൽ അമിതവ്യയം നടത്തുകയോ പിശുക്കിപ്പിടിക്കുകയോ ചെയ്യാതെ അതിനിടക്കുള്ള മിതമായ മാർഗം സ്വീകരിക്കുന്നവരുമാകുന്നു അവർ" (ക്വുർആൻ 25:67).

### മനുഷ്യന്റെ അതിക്രമം

ജലലഭ്യത നഷ്ടപ്പെടുത്തുന്നവിധം മനുഷ്യന്റെ ഇടപെടൽ അതിക്രൂരവും നശീകരണത്തിന് നിദാനവുമാണ്. ജലസ്രോതസ്സുകൾ നശിപ്പിക്കുന്ന പ്രവണത വർധിച്ച് വരികയാണ്. പുഴയും ആറുകളും കുളങ്ങളുമെല്ലാം പരിചരിക്കുന്നതിൽ സമൂഹം അലസരും അജ്ഞരുമാണ്.

ജലസ്രോതസ്സുകൾ മലിനമാക്കിയാണ് പലരും

കടുംകൈ ചെയ്യുന്നത്. നിർമാണശാലകളിലെ മാലിന്യങ്ങളും പാഴ്‌വസ്തുക്കളുമെല്ലാം പുഴകളിലും മറ്റും തള്ളുകയാണ്. പ്രകൃതിയിലെ ശുദ്ധജല ഉറവകൾ പോലും അടച്ച് കളയുന്ന മാലിന്യങ്ങളിൽ നിന്നുള്ള മോചനത്തിനായ് സമൂഹം ബോധവാൻമാരാകണം.

## വെള്ളം ദാനം ചെയ്യുന്നത് പുണ്യം

ആവശ്യക്കാർക്ക് വെള്ളം നൽകുന്നത് ശ്രേഷ്ഠമായ ദാനധർമമാകുന്നു. മരണപ്പെട്ടുപോയവരുടെ പേരിൽ ജലവിതരണ പദ്ധതിയുണ്ടാകുന്നത് പോലും പുണ്യമുള്ള കാര്യമെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നു.

ഒരിക്കൽ സഅ്ദ്ബ്‌നു ഉബാദ ﷺ നബിﷺയോട് പറഞ്ഞു: "പ്രവാചകരേ! ഉമ്മുസഅ്ദ് മരണപ്പെട്ടിരി ക്കുന്നു. ഏറ്റവും ശ്രേഷ്ഠമായ ധർമമെന്താകുന്നു? പ്രവാചകൻﷺ പറഞ്ഞു: 'വെള്ളം.' അപ്പോൾ അദ്ദേഹം കിണർ കുഴിച്ചു. എന്നിട്ട് പറഞ്ഞു: 'ഇത് ഉമ്മുസഅദിനുള്ളതാകുന്നു" (അബൂദാവൂദ്).

മിണ്ടാപ്രാണികൾക്ക് വെള്ളം കൊടുക്കുന്നത് പോലും ഏറ്റവും ശ്രേഷ്ഠവും പുണ്യമുള്ളതുമാണ്.

അബൂഹുറയ്‌റ ﷺ റിപ്പോർട്ട് ചെയ്ത ഒരു ഹദീഥിൽ ഇങ്ങനെ കാണാം: നബിﷺ പറഞ്ഞു: "ഒരിക്കൽ ഒരാൾ വഴിയിലൂടെ സഞ്ചരിക്കുമ്പോൾ ശക്തമായ ദാഹമുണ്ടായി. വഴിയരികിൽ കണ്ട ഒരു കിണറ്റിലിറങ്ങിവെള്ളം മതിയാകുവോളം കുടിച്ചു. കിണറ്റിൽ നിന്ന് പുറത്തിറങ്ങിയപ്പോഴുണ്ട് ദാഹിച്ചുവലഞ്ഞ ഒരു നായ മണ്ണ് കപ്പുന്നു! അലിവ് തോന്നിയ അദ്ദേഹം വീണ്ടും കിണറ്റിലിറങ്ങി ഷൂവിൽ വെള്ള നിറച്ച് ആ നായക്ക് നൽകി ദാഹം ശമിപ്പിച്ചു. അല്ലാഹു അയാൾക്ക് പാപം പൊറുത്തു കൊടുത്തു." സ്വഹാബികൾ ചോദിച്ചു: "പ്രവാചകരേ, ജീവജാലങ്ങളുടെ കാര്യത്തിലും പ്രതിഫലമോ?" പ്രവാചകൻ പറഞ്ഞു: "പച്ചക്കരളുള്ള ഏത് ജീവിയിലും പ്രതിഫലമുണ്ട്" (ബുഖാരി).

ജലദാനം നിർവഹിച്ചതിലൂടെ അധികരിച്ച പാപങ്ങൾ പോലും അല്ലാഹു പൊറുത്തു കൊടുത്തതായി പഠിപ്പിക്കുന്നു. പൊതുകിണർ കുഴിച്ച് നൽകുന്നത് വളരെ പുണ്യമുള്ള കാര്യമാണ്.

നബിﷺ പറഞ്ഞു: "ആരെങ്കിലും ഒരു കിണർ കുഴിക്കുകയും അതിൽനിന്ന് ജീവനുള്ള സൃഷ്ടികളായ ജിന്നോ മനുഷ്യനോ പക്ഷികളോ കുടിക്കുകയും ചെയ്താൽ പരലോകത്ത് അല്ലാഹു അയാൾക്ക് പ്രതിഫലം നൽകും" (ഇബ്‌നു ഖുസൈമ).

## കുടിവെള്ളം തടഞ്ഞുവെക്കുന്നത് പാപം

ശുദ്ധജലം ആവശ്യക്കാർക്ക് നൽകാതെ തടഞ്ഞുവെക്കുന്നത് വലിയ കുറ്റമായാണ് ഇസ്‌ലാം ഗണിക്കുന്നത്. അത്തരം ആളുകളെ വിചാരണദിവസം അല്ലാഹു പരിഗണിക്കുകയില്ല. അവർക്ക് വേദനയേറിയ ശിക്ഷ ലഭിക്കുകയും ചെയ്യും.

പ്രവാചകൻﷺ പറഞ്ഞു: "മൂന്ന് വിഭാഗം ആളുകളെ അല്ലാഹു പരലോകത്ത് നോക്കുകയില്ല, അവരെ സംസ്‌കരിക്കുകയുമില്ല. അവർക്ക് വേദനാജനകമായ ശിക്ഷയുമുണ്ടായിരിക്കും. അതിലൊരാൾ വഴിയിൽ വെള്ളംകൊണ്ട് അനുഗ്രഹിക്കപ്പെട്ടവനും അത് വഴിയാത്രികർക്ക് നൽകാതിരിക്കുകയും ചെയ്യുന്നവൻ..." (ബുഖാരി).

ബുഖാരി ഉദ്ധരിച്ച മറ്റൊരു ഹദീഥിൽ 'ആളുകൾക്ക് വെള്ളം നൽകാതെ തടഞ്ഞുവെച്ചയാളോട് ഇന്ന് എന്റെ ഔദാര്യം നിനക്ക് ഞാൻ തടഞ്ഞിരിക്കുന്നു, നിന്റെ കരങ്ങളിലുണ്ടായിരുന്നത് മററുള്ളവർക്ക് നീ തടഞ്ഞത് പോലെ' എന്ന് അല്ലാഹു പരലോകത്ത് വെച്ച് പറയുമെന്ന് കാണാം.

ജലാശയങ്ങൾ മലിനമാക്കുന്നതിനെതിരെ പ്രവാചകൻﷺ താക്കീത് ചെയ്തിട്ടുണ്ട്. നബിﷺ പറഞ്ഞു: "കെട്ടിനിൽക്കുന്ന വെള്ളത്തിൽ മൂത്രമൊഴിക്കരുത്" (മുസ്‌ലിം).

വുദൂഅ്, കുളി എന്നിവക്ക് പോലും വെള്ളം മിതമായേ ഉപയോഗിക്കാവൂ എന്ന് നബിﷺ കൽപിച്ചിട്ടുണ്ട്.

അതിനാൽ ദന്തശുദ്ധി വരുത്തുമ്പോഴും വുദൂഅ് ചെയ്യുമ്പോഴുമെല്ലാം അലസമായി ടാപ്പുകൾ തുറന്നിട്ട് വെള്ളം പാഴാക്കാതിരിക്കാൻ അതീവ ശ്രദ്ധ പുലർത്തണം. വീടുകളിലും പള്ളികൾ, വിദ്യാലയങ്ങൾ തുടങ്ങിയ പൊതുഇടങ്ങളിലും വെള്ളം മിതമായി ഉപയോഗിക്കുന്നതിനുള്ള സംവിധാനങ്ങൾ ശക്തമാക്കണം. വാഹനം കഴുകുന്നത് പോലെയുള്ള കാര്യങ്ങളിലും വെള്ളം പാഴാകാതിരിക്കാൻ ശ്രദ്ധ പുലർത്തണം

## ജലദാനത്തിനുള്ള മാർഗങ്ങൾ

കിണർ കുഴിക്കുക, കുടിവെള്ള സംഭരണികൾ സജീകരിക്കുക, പള്ളികളിൽ പൊതുടാപ്പുകൾ സംവിധാനിക്കുക, വാഹനങ്ങളിൽ കുടിവെള്ളം ശേഖരിച്ച് ആവശ്യക്കാർക്കെത്തിച്ച് കൊടുക്കുക, പൊതുസ്ഥലങ്ങളിൽ സൗകര്യപ്പെടുത്തുക, ജന്തുജാലങ്ങൾക്കും പറവകൾക്കും തണ്ണീർതടങ്ങൾ പറമ്പുകളിലും മറ്റും തയ്യാറാക്കുക.

അബൂഹംദ ആലിക്കൽ
mail@nerpatham.com



# പ്രതീക്ഷിക്കാതെ ലഭിച്ച അവസരം

ഒരു ചെറിയ ഗ്രാമത്തിൽ മൂന്നുവഴികൾ കൂടിച്ചേരുന്ന ഒരു കവലയിൽ ആകാശം മുട്ടിനിൽക്കുന്ന ഒരു വൻമരം ഉണ്ടായിരുന്നു. ആ കവലയ്ക്ക് സദാ തണൽ നൽകിയിരുന്നത് ആ വമ്പൻ മരമാണ്.

മരത്തിന്റെ ചുറ്റിലും വട്ടത്തിൽ ആളുകൾക്ക് ഇരിക്കാൻ പാകത്തിൽ ഒരു തിണ്ണ ഉണ്ടാക്കിയിട്ടുണ്ട്. ഗ്രാമത്തിലെ വയസ്സിൽ മൂത്തവർ ആ മരത്തണലിൽ ഇരുന്ന് കുശലം പറയലും വിശ്രമിക്കലും പതിവാണ്.

മരം നൽകിയിരുന്ന സേവനങ്ങൾ ചെറുതൊന്നുമല്ല. യാത്രക്കാർക്ക് തണൽ നൽകിയും പക്ഷികൾക്ക് കൂടൊരുക്കാൻ ഇടംനൽകിയും തേനീച്ചകൾക്ക് തേൻനൽകിയും ക്ഷീണിച്ച് അവശരായി വരുന്നവർക്ക് കുളിരേകും കാറ്റ് നൽകിയും മരം ആനന്ദം കണ്ടെത്തി. മഴക്കാലത്ത് ജനങ്ങൾ നനയാതിരിക്കാൻ മരത്തിന്റെ ചുവട്ടിലേക്ക് കയറി നിൽക്കും. കുഞ്ഞനുറുമ്പുകളെ ഇലകൾക്കടിയിൽ മഴനനയാതെ മരം ചേർത്തു പിടിക്കും. മരം എല്ലാവർക്കും ഒരു അനുഗ്രഹമായി.

അങ്ങനെയിരിക്കെയാണ് അത് സംഭവിച്ചത്. മരത്തിന്റെ ഇലകൾ ഓരോദിവസം ചെല്ലുംതോറും പൊഴിഞ്ഞ്‌വീണുകൊണ്ടിരിന്നു. അത് ഇക്കാലം വരെ സംഭവിക്കാത്തതാണ്. ഇലകൾ ഏതാണ്ടെല്ലാം പൊഴിഞ്ഞുതീർന്നു. ചില്ലകൾ ഓരോന്നായി ഉണങ്ങിത്തുടങ്ങി. അതോടെ പക്ഷികൾ വരാതെയായി. ആളുകൾ മരത്തിന്റെ ചുവട്ടിൽ വിശ്രമിക്കാനും കാറ്റുകൊള്ളാനുമുള്ള വരവ് നിറുത്തി. ഉണങ്ങിയ ചില്ലകൾ വിറകാക്കാൻ അവർ മത്സരിച്ചു.

മനുഷ്യർ അങ്ങനെയാണ്. ഉപകാരം ലഭിക്കാതായാൽ എന്തും ഉപേക്ഷിക്കും. ഇഹലോകത്ത് ഉപകാരമുള്ളതിന്റെ പിന്നാലെ പോകും. എന്നാൽ പരലോകത്ത് ഉപകാരം ലഭിക്കുന്ന കാര്യങ്ങൾക്ക് അത്ര പ്രാധാന്യം കൊടുക്കില്ല. കാലമേറെ ചെന്നപ്പോൾ മരം ഉണങ്ങാൻ തുടങ്ങിയ പോലെ തങ്ങൾക്കും ഉണക്കം ബാധിക്കുമെന്ന് പലരും ചിന്തിക്കുന്നില്ല. ആ വൻമരം ദീർഘകാലം മുഷ്യരടക്കം അനേകം ജന്തുജാലങ്ങൾക്ക് ഉപകാരം നൽകിയിട്ടുണ്ട്. തന്റെ ജീവിതംകൊണ്ട് മറ്റുള്ളവർക്കും തനിക്കുതന്നെയും എന്ത് ഉപകാരമാണ് ലഭിച്ചിട്ടുള്ളതെന്ന് മനുഷ്യൻ ചിന്തിക്കുന്നില്ല. തന്റെ ആയുസ്സും ആരോഗ്യവും സൽവഴിയിൽ വിനിയോഗിക്കാൻ ശ്രദ്ധിക്കുന്നില്ല.

ലോകമെങ്ങും കൊറോണ വൈറസ് വരുത്തിയ ഭീതിയും ആൾനാശവും ചെറുതൊന്നുമല്ല. രാജ്യങ്ങളൊക്കെ അതീവ ജാഗ്രതയിലാണ്. മനുഷ്യർ വളരെയധികം ശ്രദ്ധയോടെ വീടുകളിൽ കഴിച്ചുകൂട്ടിക്കൊണ്ടിരിക്കുന്നു. സുരക്ഷിതത്വത്തിന്റെ ഭാഗമായി സർക്കാറും മതസംഘടനകളും നൽകിയ നിർദേശങ്ങൾ ജനങ്ങൾ പാലിച്ചുകൊണ്ടിരിക്കുന്നു.

ഈ സമയത്ത് വിശ്വാസികൾക്ക് ഒട്ടേറെ നന്മകൾ ചെയ്യാൻ സാധിക്കും. രാവിലെ എഴുന്നേറ്റതു മുതലുള്ള ദിക്റുകളും ദുആകളും അഞ്ചുനേരത്തെ നമസ്കാരം സമയം തെറ്റാതെ നിർവഹിക്കലും റവാത്തിബ് സുന്നത്തുകളും തിങ്കൾ, വ്യാഴം ദിവസങ്ങളിലെ സുന്നത്ത് നോമ്പുകളും രാത്രി നമസ്കാരവും ക്വുർആൻ പാരായണവും പുസ്തക വായനയും പഠനവും വീട്ടുജോലികളിൽ സഹായിക്കലും മക്കളുമൊത്ത് സ്നേഹം പങ്കുവെക്കലും കുടുംബങ്ങളെയും കൂട്ടുകാരെയും സഹപ്രവർത്തകരെയും രോഗികളെയും ഫോണിലൂടെ വിളിച്ച് സുഖദുഃഖങ്ങൾ അന്വേഷിക്കലും സമാധാനിപ്പിക്കലും സന്തോഷം പങ്കുവെക്കലും തുടങ്ങി ഒട്ടേറെ നന്മകൾക്കുള്ള ഒരവസരമായി കാണാം ഇതിനെ. അങ്ങനെ നന്മകൾകൊണ്ട് സമ്പന്നമാക്കാം ഈ ദിവസങ്ങളെ.



എന്നാൽ, ചിലരെങ്കിലും ഇതിൽ നിന്നും വ്യത്യസ്തമായി ആരും കാണില്ല, ആരും അറിയില്ല എന്ന ഭാവത്തിൽ സിനിമയും സീരിയലും സംഗീതവും ഏഷണിയും പരദൂഷണവും കളവുകളുമായി ഈ നാളുകളെ അശ്രദ്ധമായി തള്ളിനീക്കുന്നു. മൊബൈൽ ഫോൺ തെല്ലൊന്നുമല്ല മനുഷ്യനെ ബന്ധനസ്ഥമാക്കിയിട്ടുള്ളത്. വാട്സ് ആപ്പിലും ഫെയ്സ്ബുക്കിലും യൂട്യൂബിലുമായി സമയം നശിപ്പിക്കുന്നവർ കുറച്ചൊന്നുമല്ല.

എന്തിനും ഏതിനും മെസേജുകൾ വിട്ടും വാർത്തകൾ പങ്കുവെച്ചും ഓൺലെനിൽ സാന്നിധ്യം അറിയിക്കുന്നവരും, സമൂഹത്തിൽ നടക്കുന്നതിനെതിരെയെല്ലാം പ്രതികരിച്ചില്ലെങ്കിൽ ശരിയാകില്ല എന്ന മട്ടിൽ തന്റേതായ പ്രതികരണങ്ങൾ അറിയിച്ച് സായൂജ്യമടയുന്നവരും അതിലേറെ ഈ അസുലഭ സമയങ്ങളിൽ പബ്ജിയിലും ഇതര ഗെയിമുകളിലും ഏർപ്പെട്ട് സമയം നഷ്ടപ്പെടുത്തുന്നവരും ഓർക്കുക; ഇതൊരവസരമാണ്. നഷ്ടപ്പെട്ടാൽ പിന്നീട് തിരിച്ചുപിടിക്കാൻ കഴിയാത്തതാണ് സമയം.

ഹസനുൽ ബസ്വരി (റഹി) പറഞ്ഞു: 'ഓരോ ദിവസവും പുലരുന്നത് അത് അതിന്റെ വർത്തമാനം അറിയിച്ചുകൊണ്ടാണ്. അത് പറയും: ഹേ, മനുഷ്യാ! ഞാനിതാ ഇന്ന് നിന്റെ ജീവിതത്തിലെ ഒരു പുതിയ ദിനമാണ്. എന്നെ നീ ഉപകാരപ്പെടുത്തിക്കൊള്ളുക. ഞാനിന്ന് പോയാൽ അന്ത്യനാൾ വരെ നിന്നിലേക്ക് തിരിച്ചുവരില്ല.'

അല്ലാഹു പറഞ്ഞു: "അല്ലാഹു മനുഷ്യരെ അവരുടെ അക്രമം മൂലം (ഉടനടി) പിടികൂടിയിരുന്നെങ്കിൽ ഭൂമുഖത്ത് യാതൊരു ജന്തുവെയും അവൻ വിട്ടേക്കുമായിരുന്നില്ല. എന്നാൽ നിർണിതമായ ഒരു അവധി വരെ അവൻ അവർക്ക് സമയം നീട്ടിക്കൊടുക്കുകയാണ് ചെയ്യുന്നത്. അങ്ങനെ അവരുടെ അവധി വന്നാൽ ഒരു നാഴികനേരം പോലും അവർക്ക് വൈകിക്കാൻ ആവുകയില്ല. അവർക്കത് നേരത്തെയാക്കാനും കഴിയില്ല" (ക്വുർആൻ 16:61).

അതിനാൽ സമയം എന്ന അനുഗ്രഹത്തെ നാളെയുടെ ലോകത്ത് ഉപകാരപ്രദമാകും വിധം ഉപയോഗിക്കുക. അല്ലാഹു അനുഗ്രഹിക്കട്ടെ.

സമീർ മുണ്ടേരി
mundery@gmail.com



# സമ്മാനം നൽകുക

ക്ലാസുകഴിഞ്ഞ് വീട്ടിലെത്തിയ അഞ്ചുവയസ്സുകാരി അവൾക്ക് അന്ന് ലഭിച്ച സമ്മാനങ്ങൾ തന്റെ മാതാപിതാക്കളെ കാണിക്കുമ്പോൾ ആ കുഞ്ഞു മുഖത്തെ സന്തോഷം ഒന്നു കാണേണ്ടതു തന്നെയായിരുന്നു.അവളുടെ കൈകളിലുള്ള സമ്മാനങ്ങൾ വിലപിടിപ്പുള്ള വസ്തുക്കളല്ല. പക്ഷേ, തന്റെ ക്ലാസിലെ കുട്ടികൾക്ക് മുന്നിൽ വെച്ച് ലഭിച്ച ആ സമ്മാനത്തിന് വലിയ വിലയുണ്ടവളുടെ മനസ്സിൽ. സമ്മാനങ്ങൾ ചെറുതാകട്ടെ, വലുതാകട്ടെ അത് ലഭിക്കുന്നവർക്കുണ്ടാകുന്ന സന്തോഷം ഏറെ വലുതാണ്. അതിന് പ്രായത്തിന്റെ വ്യത്യാസമില്ല. തനിക്ക് ലഭിച്ച ഒരു ചെറിയ സമ്മാനം പാതിരാത്രിയിൽ എടുത്തുനോക്കിയ കാര്യം പ്രിയപ്പെട്ട ജ്യേഷ്ഠ സഹോദരൻ പറഞ്ഞത് ഈ സന്ദർഭത്തിൽ ഓർക്കുകയാണ്.

## ഇസ്‌ലാമും സമ്മാനവും

പരിശുദ്ധ ഇസ്‌ലാം മാനവസമൂഹത്തിനുള്ള അല്ലാഹുവിന്റെ സമ്മാനമാണ്. മറ്റുള്ളവർക്ക് സമ്മാനം കൊടുക്കാൻ ഇസ്‌ലാം പ്രോത്സാഹിപ്പിക്കുന്നുണ്ട്. മുഹമ്മദ് നബിﷺ ദാനമായി ലഭിക്കുന്നത് ഭക്ഷിക്കുമായിരുന്നില്ലെന്നും സമ്മാനമായി ലഭിക്കുന്നത് സ്വീകരിച്ചിരുന്നുവെന്ന് പ്രമാണങ്ങൾ പഠിപ്പിക്കുന്നുണ്ട്.

ആഇശ(റ) ഉദ്ധരിച്ച ഹദീഥിൽ ഇങ്ങനെ കാണാം: “നബിﷺ സമ്മാനം സ്വീകരിക്കുകയും സമ്മാനം ലഭിക്കുമ്പോൾ പ്രത്യുപകാരമായി എന്തെങ്കിലും നൽകുകയും ചെയ്യും” (ബുഖാരി).

അബൂഹുറയ്റ(റ) ഉദ്ധരിക്കുന്നു: “നബിﷺയുടെ സദസ്സിലേക്ക് ഭക്ഷണം കൊണ്ടുവരപ്പെട്ടാൽ

അദ്ദേഹം ചോദിക്കും; ഇത് സമ്മാനമാണോ? ദാനമാണോ? അത് ദാനമാണ് എന്നു പറയപ്പെട്ടാൽ അനുചരന്മാരോട് അത് ഭക്ഷിക്കുവാൻ നബിﷺ കൽപിക്കും. സമ്മാനമാണ് എന്ന് പറയപ്പെട്ടാൽ നബിﷺയും അവരോടൊപ്പം ഭക്ഷിക്കും" (ബുഖാരി).

അനസ്ؓ നിവേദനം: "നബിﷺ സുഗന്ധദ്രവ്യം സമ്മാനമായി ലഭിച്ചാൽ അതൊരിക്കലും നിരസിക്കാ റുണ്ടായിരുന്നില്ല"(ബുഖാരി).

ജീവിതത്തിന്റെ എല്ലാ മേഖലകളിലും മാതൃക കാണിച്ച നബിﷺ സമ്മാനം കൊടുക്കുന്ന വിഷയത്തിലും വാങ്ങുന്ന വിഷയത്തിലും നമുക്ക് മാതൃക കാണിച്ചതായി മുകളിൽ കൊടുത്ത ഹദീഥുകൾ നമ്മെ പഠിപ്പിക്കുന്നു.

ക്വുർആൻ സുലൈമാൻ നബിعليه السلامയുടെയും ബൽക്വീസ് രാജ്ഞിയുടെയും കഥ പറയുമ്പോൾ സമ്മാന ത്തെക്കുറിച്ച് സൂചിപ്പിക്കുന്നത് കാണാം: "ഞാൻ അവർക്ക് ഒരു പാരിതോഷികം കൊടുത്തയച്ചിട്ട് എന്തൊരു വിവരവും കൊണ്ടാണ് ദൂതൻമാർ മടങ്ങിവരുന്നതെന്ന് നോക്കാൻ പോകുകയാണ്" (സൂറതുന്നംല്: 35).

ഇസ്‌ലാമികലോകത്തെ പണ്ഡിതന്മാരുടെ വീക്ഷണ പ്രകാരം സമ്മാനം നൽകൽ സുന്നത്തായ കാര്യമാണ്. എന്നാൽ സമ്മാനം ചോദിച്ചുവാങ്ങേണ്ട ഒന്നല്ല, മനസ്സറിഞ്ഞ് മറ്റുള്ളവരിൽ നിന്നു ലഭിക്കേണ്ടതാണ്. ലഭിക്കുന്നത് എത്ര നിസ്സാരമായാലും അത് സ്വീകരിക്കാതിരിക്കരുത്.

അബൂഹുറയ്റؓ നിവേദനം; നബിﷺ അരുളി: "അല്ലയോ മുസ്‌ലിം സ്ത്രീകളേ, ഒരു അയൽവാസിനി മറ്റേ അയൽവാസിനിക്ക് വല്ലതും സമ്മാനിച്ചാൽ അതിനെ അവൾ താഴ്ത്തിക്കാണിക്കരുത്. പാരിതോഷികമായി നൽകിയത് ഒരു ആടിന്റെ കുളമ്പാണെങ്കിലും ശരി" (ബുഖാരി).

## സമ്മാനം കൊടുത്തുത് തിരിച്ചുവാങ്ങരുത്

കൊടുത്തത് തിരിച്ചുവാങ്ങുന്നത് നികൃഷ്ടമായ പ്രവൃത്തിയായിട്ടാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. അബൂ ഹുറയ്റؓ ഉദ്ധരിക്കുന്ന ഹദീഥിൽ "കൊടുത്ത സാധനം തിരിച്ചുവാങ്ങുന്നവന്റെ ഉപമ ഒരു നായയെ പോലെയാണ്. അത് വയറുനിറച്ച് ഭക്ഷണം കഴിച്ചു. എന്നിട്ടത് ഛർദിച്ചു. വീണ്ടും അത് തിന്നുന്നു. (അതു പോലെയാണ് സമ്മാനം നൽകിയത് തിരിച്ചു വാങ്ങുന്നവർ)'' എന്ന് കാണാം.

സർപ്രൈസ് ഗിഫ്റ്റ് കൊടുക്കുക എന്ന പേരിൽ പ്രവാസലോകത്തുള്ളവർ വീട്ടുകാരോട് പറയാതെ ചെല്ലുകയും അത് വീഡിയോ എടുത്ത് സോഷ്യൽ മീഡിയകളിൽ പ്രചരിപ്പിക്കുകയും ചെയ്യുന്നത് കണ്ടിട്ടുണ്ട്. അത്തരം പ്രവൃത്തികൾ പ്രവാചക സുന്നത്തിന് എതിരാണ്. തന്റെ വീട്ടിലേക്ക് പ്രവാചക തിരുമേനി ചെല്ലുകയാണെങ്കിൽ അവർക്ക് വിവരം കൊടുക്കുമായിരുന്നു എന്നറിയിക്കുന്ന ധാരാളം സംഭവങ്ങൾ കാണാൻ കഴിയും.

ഇന്നത്തെ കാലത്ത് മൊബൈൽ ഫോണും ടാബുമെല്ലാം ആളുകൾ പരസ്പരം കൈമാറുന്ന വിലപിടിപ്പുള്ള സമ്മാനങ്ങളാണ്. അതിലൂടെ തിന്മകളിലേക്ക് കടന്നു ചെല്ലാനുള്ള അവസരങ്ങളുണ്ടെന്ന കാര്യം നാം മറന്നുപോകരുത്. നബിﷺയുടെ സുന്നത്ത് പ്രാവർത്തികമാക്കി നാം പ്രതിഫലം വാങ്ങുമ്പോൾ സമ്മാനം ലഭിക്കുന്നവർ അതിലൂടെ നരകത്തിലേക്ക് പോകാതിരിക്കാനുള്ള ഓർമപ്പെടുത്തലുകൾ നല്ലതാണ്.

നമ്മുടെ വിശ്വാസത്തിന് എതിരു നിൽക്കുന്ന സമ്മാനങ്ങൾ ആരെങ്കിലും നമുക്കു നൽകിയാൽ നമുക്കത് സ്വീകരിക്കാൻ പാടില്ലെന്ന് അവരെ ബോധ്യപ്പെടുത്തി സ്വീകരിക്കാതിരിക്കൽ നമ്മുടെ കടമയാണ്. അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുത്തത് വിശ്വാസികൾക്ക് കഴിക്കാൻ പാടില്ല. അത്തരം മാംസം നമുക്ക് സമ്മാനമായി ലഭിച്ചാൽ അതവരെ ബോധ്യപ്പെടുത്താൻ നമുക്ക് കഴിയണം. ഇസ്‌ലാം നിരോധിച്ച എല്ലാ വസ്തുക്കളിലും ഈ മാനദണ്ഡം നാം സ്വീകരിക്കണം. വസ്ത്രങ്ങളുടെ കൂട്ടത്തിൽ പട്ട് ഇസ്‌ലാം പുരുഷന്മാർക്ക് നിരോധിച്ചതാണ്. അത് ധരിക്കാൻ പാടില്ല.

അബൂമൂസؓയിൽ നിന്ന് നിവേദനം; റസൂൽﷺ അരുളി: "പട്ടും സ്വർണവും അണിയൽ എന്റെ സമുദായത്തിലെ പുരുഷൻമാർക്ക് നിഷിദ്ധവും സ്ത്രീകൾക്ക് അനുവദനീയവുമാണ്"(തിർമിദി).

വിവാഹദിവസം പെൺകുട്ടിയുടെ മാതാവ് സമ്മാനമായി സ്വർണമോതിരം വരന്റെ വിരലിൽ അണിയി ക്കുന്ന സമ്പ്രദായം നമ്മുടെയൊക്കെ നാട്ടിൽ നിലവിലുണ്ട്. പുരുഷന് സ്വർണം നിഷിദ്ധമാണ് എന്നു പഠിച്ചിട്ടും സമ്മാനമായി ലഭിക്കുന്നത് വിരലിൽ തന്നെ ധരിക്കുന്ന എത്രയോ സഹോദരങ്ങളുണ്ട്.

സമ്മാനം നൽകുക എന്നത് പരസ്പരം സ്നേഹം വർധിക്കുവാനുള്ള കാരണമായി ഇസ്‌ലാം പഠിപ്പിക്കു ന്നുണ്ട്. ഇമാം ബുഖാരി തന്റെ 'അദബുൽ മുഫ്റദി'ൽ രേഖപ്പെടുത്തിയ ഹദീഥിൽ ഇങ്ങനെ കാണാം: നബിﷺ പറഞ്ഞു: "നിങ്ങൾ സമ്മാനം കൊടുക്കുക, എങ്കിൽ നിങ്ങളുടെ ഇടയിൽ സ്നേഹം ഉണ്ടാകും."

പ്രിയപ്പെട്ട മാതാപിതാക്കളെ, നിങ്ങളുടെ മക്കൾക്ക് മദ്റസയിൽ നിന്നും സ്കൂളിൽ നിന്നും മാത്രമല്ല സമ്മാനങ്ങൾ ലഭിക്കേണ്ടത്; വീടും സമ്മാനങ്ങൾ ലഭിക്കുന്ന സ്ഥലമായി അവർക്ക് അനുഭവപ്പെടണം. ഉപ്പയുടെ, ഉമ്മയുടെ, സഹോദരങ്ങളുടെ വകയായി സമ്മാനങ്ങൾ ലഭിക്കുമ്പോൾ മക്കൾക്കത് വലിയ പ്രചോദനമായിരിക്കും.

സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി
abooyahyakfn@gmail.com

ക്വുർആൻ പാഠം




# സത്യവിശ്വാസികൾ അല്ലാഹുവിൽ ഭരമേൽപിക്കട്ടെ

പരിശുദ്ധ ക്വുർആനിൽ പലയിടങ്ങളിൽ ആവർത്തിച്ചിട്ടുള്ള വചനമാണ് 'സത്യവിശ്വാസികൾ അല്ലാഹുവിൽ ഭരമേൽപിക്കട്ടെ' എന്നത്. അഥവാ സത്യവിശ്വാസത്തിന്റെ അനിവാര്യതകളിൽ പെട്ടതാണ് അല്ലാഹുവിൽ ഭരമേൽപിക്കുക എന്നത്. ഈ പ്രപഞ്ചത്തെ സൃഷ്ടിച്ച് സംവിധാനിച്ചവൻ സർവശക്തനാണെന്നും അവന്റെ തീരുമാനങ്ങൾ മാത്രമാണ് അത്യന്തികമായി പ്രപഞ്ചത്തിൽ നടപ്പിൽ വരികയെന്നും അതേസമയം അവൻ അവന്റെ തീരുമാനങ്ങളിൽ യുക്തിദീക്ഷയുള്ളവനാണെന്നും അണുവിടപോലും അവൻ സൃഷ്ടികളോട് അനീതി കാണിക്കുകയില്ല എന്നുമുള്ള വിശ്വാസം സത്യവിശ്വാസത്തിന്റെ അവിഭാജ്യഘടകങ്ങളിൽ പെട്ടതത്രെ. ഇങ്ങനെ അടിയുറച്ച് വിശ്വസിക്കുന്ന ഒരു വ്യക്തി തന്റെ ശരീരത്തിലോ തനിക്ക് ചുറ്റുമോ അല്ലാഹുവിന്റെ തീരുമാനപ്രകാരം നടക്കുന്ന ഏതൊരു കാര്യം കാണുമ്പോഴും അത് നന്മയാകട്ടെ, അല്ലെങ്കിൽ തിന്മയാവട്ടെ തികഞ്ഞ ഉൾക്കാഴ്ചയോടെ അതിനെ സമീപിക്കുകയും എന്റെ നാഥൻ കാരുണ്യവാനാണെന്നും ഇവിടെ സംഭവിക്കുന്ന ഏതൊരു കാര്യവും കൃത്യമായി ലക്ഷ്യത്തോട് കൂടിയാണ് സംഭവിക്കുന്നത് എന്നും അവൻ തിരിച്ചറിയുകയും ചെയ്യും.

ആ ഒരു ചിന്ത അവനെ സമാധാനമുള്ളവനാക്കുകയും നന്മയിൽ നന്ദികാണുക്കുവാനും തിന്മയിൽ ക്ഷമയവലംബിക്കുവാനും അവനെ പ്രേരിപ്പിക്കുകയും ചെയ്യുന്നു: "പറയുക അല്ലാഹു ഞങ്ങൾക്ക് രേഖപ്പെടുത്തിയതല്ലാത്ത ഒന്നും ഞങ്ങളെ ബാധിക്കുകയില്ല. അവനാകുന്നു ഞങ്ങളുടെ രക്ഷാധികാരി. സത്യവിശ്വാസികൾ അല്ലാഹുവിൽ മാത്രമാവട്ടെ ഭരമേൽപിക്കുന്നത്" (ക്വുർആൻ 9:51).


അതെ, അല്ലാഹു വിധിച്ചതല്ലാത്ത ഒന്നും തങ്ങളെ ബാധിക്കുന്നില്ലെന്ന് അറിയുന്ന വിശ്വാസി ഏത് പരീക്ഷണങ്ങളെയും സമചിത്തതയോടെയാണ് കൈകാര്യം ചെയ്യുക. മഹാനായ ഉബാദത് ഇബ്നു സ്വാമിത്ത്ﷺ തന്റെ മകനോട് പറഞ്ഞ വാചകം ശ്രദ്ധേയമാണ്: "പൊന്നു മകനേ, ശരിയായ ഈമാനിന്റെ മധുരം നിനക്ക് ആസ്വദിക്കാൻ കഴിയില്ല; നിന്നെ ബാധിച്ചതൊന്നും നിന്നെ വിട്ടുപോകേണ്ടതല്ലായിരുന്നു എന്നും നിന്നെ ബാധിക്കാതെ പോയതൊന്നും നിന്നെ ബാധിക്കുകയില്ലായിരുന്നു എന്നും നീ വിശ്വസിക്കും വരെ" (അബൂദാവൂദ്).

'അല്ലാഹുവേ, എന്നിൽ നടക്കുന്നതെല്ലാം നിന്റെ വിധിയാണ്... നിന്റെ വിധിയിൽ നീ നീതിമാനുമാണ്' (അഹ്മദ്) എന്ന് പറയാനാണ് നമ്മുടെ പ്രവാചകൻﷺ നമ്മെ പഠിപ്പിച്ചിട്ടുള്ളത്.

മരണം സുനിശ്ചിതമാണ്. സത്യവിശ്വാസികൾക്കാകട്ടെ മരണം അല്ലാഹുവിനെ കണ്ടുമുട്ടാനുള്ള അവസരവും. അത് കൊണ്ട് നിർഭയരായിരിക്കുക അല്ലാഹു കൂടെയുണ്ട്.

അബൂ അബ്ദില്ല വളവന്നൂർ
mail@nerpatham.com

ലേഖനം



# ശ്രദ്ധിക്കപ്പെടാതെ പോകുന്ന പുണ്യകർമങ്ങൾ

**ഈ** ലോകത്ത് കണക്കറ്റ ജീവജാലങ്ങളെ അല്ലാഹു സൃഷ്ടിച്ചിട്ടുണ്ട്. അതിൽ വിശേഷബുദ്ധിയും കാര്യങ്ങളെ തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യവും ജിന്ന്, മനുഷ്യ വർഗങ്ങൾക്ക് അല്ലാഹു നൽകുകയും ചെയ്തിട്ടുണ്ട്. മനുഷ്യ, ജിന്ന് വർഗങ്ങളുടെ സൃഷ്ടിപ്പിന്റെ ലക്ഷ്യം അല്ലാഹുവിനെ മാത്രം ആരാധിച്ച് അവന് കീഴ്പെട്ട് ജീവിക്കുക എന്നതാണ്. ഇങ്ങനെ അല്ലാഹുവിനു കീഴ്പെട്ട്, അവന്റെ നിർദേശങ്ങളനുസരിച്ച് ജീവിതത്തെ ചിട്ടപ്പെടുത്തുകയും അവൻ വിലക്കിയ കാര്യങ്ങളിൽ നിന്ന് അകന്ന് നിൽക്കുകയും ചെയ്യുന്നവനാണ് യഥാർഥ വിശ്വാസി.

ഓരോ മനുഷ്യനും തന്റെ ജീവിതത്തിൽ പാലിക്കേണ്ടതായ ചെറുതും വലുതുമായ എല്ലാ കാര്യങ്ങളും അവനെ സൃഷ്ടിച്ച് പരിപാലിക്കുന്ന അല്ലാഹു അവന്റെ മതത്തിലൂടെ വിവരിച്ച് നൽകിയിട്ടുണ്ട്. പരിശുദ്ധ ക്വുർആനിൽ പഠിപ്പിക്കപ്പെട്ടതും തിരുവചനങ്ങളിൽ സ്ഥിരപ്പെട്ടതുമായ കാര്യങ്ങളായിരിക്കണം ഒരു വിശ്വാസി മതപരമായി അനുഷ്ഠിക്കേണ്ടത്. നിർബന്ധ നമസ്കാരങ്ങൾക്ക് പുറമെ പ്രമാണങ്ങളിൽ സ്ഥിരപ്പെട്ടുവന്ന ഏതാനും കർമങ്ങളാണ് നാം ഇവിടെ പരാമർശിക്കുന്നത്.

### ഉണരാം നമുക്ക്; ഉറക്കിൽ നിന്നും അശ്രദ്ധയിൽ നിന്നും

നമ്മുടെ ജീവിത വ്യവസ്ഥയിൽ അല്ലാഹു നിശ്ചയിച്ച വിലമതിക്കാനാകാത്ത ഒരനുഗ്രഹമാണ് ഉറക്കംഎന്നത്. ക്ഷീണമകറ്റുന്നതിനും വിശ്രമത്തിനുമിണങ്ങുന്ന രൂപത്തിൽ രാത്രിയെ ക്രമീകരിച്ചവനാണ് കാരുണ്യവാനായ അല്ലാഹു. ഉറക്കിൽ നിന്നെഴുന്നേൽക്കുമ്പോൾ പാലിക്കേണ്ട മര്യാദകളും നമ്മോട് ഉരുവിടാനായി പഠിപ്പിക്കപ്പെട്ട പ്രാർഥനകളും ഉണ്ട്. അത് നിർവഹിക്കൽ അല്ലാഹുവിന് നന്ദികാണിക്കുന്നതിന്റെ ഭാഗം കൂടിയാണെന്ന് നാം പ്രത്യേകം ഓർക്കേണ്ടതുണ്ട്.

1. നബിﷺ ഉറക്കിൽനിന്നുണർന്നാൽ 'അൽഹംദുലില്ലാഹില്ലദീ അഹ്‌യാനാ ബഅ്ദ മാ അമാതനാ വ ഇലൈഹി ന്നുശൂർ' (നമ്മെ മരിപ്പിച്ചതിന് ശേഷം ജീവിപ്പിച്ച അല്ലാഹുവിനാകുന്നു സർവസ്തുതിയും. അവനിലേക്കാണ് നമ്മുടെ മടക്കവും) എന്ന് പ്രാർഥിക്കാറുണ്ടായിരുന്നു എന്ന് ഇമാം ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ഹദീഥിൽ കാണാൻ സാധിക്കും.

2. മറ്റൊരു പ്രാർഥനയായി ഇമാം തിർമിദി ഉദ്ധരിച്ച ഹദീഥിൽ ഇപ്രകാരം കാണാം:

'അൽഹംദു ലില്ലാഹില്ലദീ ആഫാനീ ഫീ ജസദീ, വറദ്ദ അലയ്യ റൂഹീ, അദിന ലീ ഫീ ദിക്‌രിഹി' (എന്റെ ശരീരത്തിന് ആരോഗ്യം നൽകുകയും എന്റെ ആത്മാവിനെ എന്നിലേക്ക് തിരികെ നൽകുകയും അവന്റെ അതിമഹത്ത്വത്തെ സ്തുതിച്ച് വാഴ്ത്തുവാൻ എനിക്ക് അനുവാദം (എളുപ്പം) നൽകിയവനുമായ അല്ലാഹുവിനാകുന്നു സർവ സ്തുതിയും."

3. ഇമാം ബുഖാരിയും മുസ്‌ലിമും ഇബ്നു അബ്ബാസി(റ)ൽ നിന്ന് ഉദ്ധരിച്ച ഒരു ഹദീഥിൽ നബിﷺ ഉറക്കിൽ നിന്നെഴുന്നേറ്റാൽ ഇരിക്കുകയും തന്റെ കൈകൊണ്ട് മുഖം തടവുകയും ശേഷം സൂറത്തു ആലു ഇംറാനിലെ അവസാനത്തെ പത്ത് ആയത്തുകൾ പാരായണം ചെയ്യുകയും പിന്നീട് വുദൂഅ് ചെയ്യുകയും ശേഷം നിസ്‌കരിക്കുകയും ചെയ്തു' എന്ന് കാണാൻ സാധിക്കും.

4. മറ്റൊരു ഹദീഥിൽ രാത്രി ഉറക്കിൽ നിന്ന് (അ സമയത്ത്) ഉണർന്നാൽ 'ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക ലഹു ലഹുൽ മുൽകു വലഹുൽ ഹംദു വഹുവ അലാ കുല്ലി ശൈഇൻ ക്വദീർ, അൽഹംദുലില്ലാഹ്, വല്ലാഹു അക്ബർ, വ ലാഹൗല വ ലാ ക്വുവ്വത്ത ഇല്ലാ ബില്ലാഹ്, അല്ലാഹുമ്മഗ്ഫിർ ലീ ' എന്നു പ്രാർഥിച്ചതായി കാണാം. ഇങ്ങനെ പ്രാർഥിച്ചവന് അല്ലാഹു പൊറുത്ത് കൊടുക്കുകയും അവന്റെ പ്രാർഥനക്ക് ഉത്തരം നൽകുകയും എഴുന്നേറ്റ് വുദൂഅ് ചെയ്ത് നമസ്‌കരിച്ചാൽ അത് സ്വീകരിക്കപ്പെടുകയും ചെയ്യുന്നതാണ് എന്നും നബിﷺ പറഞ്ഞതായി കാണാം. (തിർമിദി: 3401, അൽബാനി(റ) ഹസൻ എന്ന് വിശേഷിപ്പിച്ചു).

### വുദൂഅ് അഥവാ അംഗശുദ്ധി

പല കർമങ്ങളും സ്വീകാര്യമാകണമെങ്കിൽ വുദൂഅ് നിർബന്ധമാണെന്ന് നമുക്കറിയാം. വുദൂഅ് ചെയ്യുന്നതിന് ലഭിക്കുന്ന പ്രതിഫലത്തെക്കുറിച്ച് നാം മനസ്സിലാക്കേണ്ടതുണ്ട്. വുദൂഇന്റെ അവയവങ്ങൾ പ്രകാശപൂരിതമായിട്ടായിരിക്കും പരലോകത്ത് ഉയിർത്തെഴുന്നേൽക്കുക എന്നും ഏറ്റവും നല്ല രൂപത്തിൽ വുദൂഅ് നിർവഹിക്കുകയും ശേഷം രണ്ട് റക്അത്ത് നമസ്‌കരിക്കുകയും ചെയ്യുന്നവരുടെ ചെറുപാപങ്ങൾ പൊറുക്കപ്പെടുമെന്നും നബിﷺ പഠിപ്പിച്ചതായി കാണാം. ഒരാൾ വുദ്വൂഅ് ചെയ്യുമ്പോൾ തന്റെ മുഖത്തു നിന്ന് വെള്ളം ഉറ്റി വീഴുന്നതിന്റെ കൂടെ തന്റെ നോട്ടത്തിലൂടെ ചെയ്ത പാപങ്ങൾ പൊറുക്കപ്പെടുമെന്നും കൈ കഴുകുമ്പോൾ കൈകൊണ്ട് ചെയ്ത പാപങ്ങൾ പൊഴിഞ്ഞ് പോകുമെന്നും കാൽ കഴുകുമ്പോൾ കാലുകൊണ്ട് നടന്നടുത്ത പാപങ്ങൾ പൊറുക്കപ്പെടുമെന്നും ഹദീഥുകളിൽ സ്ഥിരപ്പെട്ടതായി കാണാം.

വുദൂഅ് നിർവഹിച്ചു കഴിഞ്ഞാൽ 'അശ്ഹദു അൻ ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക ലഹു വ അശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹു വ റസൂലുഹു, അല്ലാഹുമ്മജ്അൽനീ മിനത്തവ്വാബീന വജ്അൽനീ മിനൽ മുതത്വഹ്ഹിരീൻ' എന്ന് പ്രാർഥിക്കണം. അങ്ങനെ പ്രാർഥിക്കുന്നവർക്ക് സ്വർഗീയ വാതിലുകൾ എട്ടും തുറക്കപ്പെടാതിരിക്കില്ല എന്ന് നബിﷺ പഠിപ്പിച്ചിട്ടുമുണ്ട്. മേൽപറഞ്ഞ രണ്ട് പ്രാർഥനകൾക്കും ശേഷം 'സുബ്ഹാനക അല്ലാഹുമ്മ വബിഹംദിക, അശ്ഹദു അൻ ലാഇലാഹ ഇല്ലാ അൻത, അസ്തഗ്ഫിറുക വ അതൂബു ഇലൈക' എന്നും പ്രാർഥിക്കാവുന്നതാണ്.

### വുദൂഇന് ശേഷമുള്ള രണ്ട റക്അത്ത് നമസ്‌കാരം

വുദൂഇന് ശേഷം രണ്ടു റക്അത്ത് സുന്നത്ത് നമസ്‌കാരം ഹദീഥുകളിൽ സ്ഥിരപ്പെട്ടതാണ്. നബിﷺ പറഞ്ഞതായി ഇമാം ബുഖാരിയും മുസ്‌ലിമും ഉദ്ധരിക്കുന്ന ഹദീഥിൽ ഇപ്രകാരം കാണാം: നബിﷺ പറഞ്ഞു: "ഞാൻ വുദൂഅ് ചെയ്തത് പോലെ ആരെ



ങ്കിലും വുദൂഅ് ചെയ്യുകയും പിന്നെ യാതൊരു കാര്യവും (തിന്മ) ഹൃദയത്തിൽ കരുതാതെ രണ്ട് റക്അത്ത് നിർവഹിക്കുകയും ചെയ്താൽ അവൻ അതുവരെ ചെയ്ത (ചെറു) പാപങ്ങൾ അല്ലാഹു അവന് പൊറുത്ത് കൊടുക്കുന്നതാണ്.''

### രാത്രി നമസ്കാരം (ക്വിയാമുല്ലൈൽ)

നിർബന്ധ നമസ്കാരം കഴിഞ്ഞാൽ ഏറ്റവും ശ്രേഷ്ഠതയും പ്രാധാന്യവുമുള്ള നമസ്കാരമാണ് രാത്രി നമസ്കാരം. ക്വിയാമുല്ലൈൽ, തഹജ്ജുദ്, തറാവീഹ് എന്നീ പേരുകളിലെല്ലാം അറിയപ്പെടുന്നത് ഈ നമസ്കാരം തന്നെയാണ്. ഇശാഅ് നമസ്കാരത്തിന് ശേഷം സുബ്ഹി വരെയുള്ള സമയത്തിനിടക്കാണ് ഇത് നിർവഹിക്കേണ്ടത്. ഉറങ്ങി എഴുന്നേറ്റ് രാത്രിയുടെ അന്ത്യയാമത്തിൽ നമസ്കരിക്കുന്നതാണ് ഉത്തമമെന്നും ആ സമയത്ത് മലക്കുകളുടെ സാന്നിധ്യം ഉണ്ടാകുമെന്നും ഹദീഥുകളിൽ സ്ഥിരപ്പെട്ടുവന്നിട്ടുണ്ട്. ഒറ്റയായിക്കൊണ്ടാണ് നമസ്കാരം അവസാനിപ്പിക്കേണ്ടത്.

### അദാൻ അഥവാ ബാങ്ക്

നമസ്കാര സമയമായി എന്ന് അറിയിക്കുന്നതിനുള്ള വിളംബരത്തിനാണ് അദാൻ അഥവാ ബാങ്ക് എന്ന് പറയുന്നത്. ബാങ്കുവിളിക്കുന്നവർക്കുള്ള മഹത്ത്വവും ശ്രേഷ്ഠതയും അറിയുന്നവർ അതിനായി മത്സരിക്കുമായിരുന്നു എന്ന് തിരുവചനത്തിൽ കാണാൻ സാധിക്കും. അതോടൊപ്പം ബാങ്കുവിളി കേൾക്കുന്ന വ്യക്തി അത് ശ്രദ്ധിച്ച് കേൾക്കുകയും അതിന് മറുപടി നൽകുകയും ചെയ്യണം. അഥവാ ഏറ്റുചൊല്ലണം. ശേഷം നബിﷺയുടെ പേരിൽ സ്വലാത്ത് ചൊല്ലുകയും നബിﷺക്ക് വേണ്ടി അല്ലാഹുവിനോട് വസ്വീല ചോദിക്കുകയും വേണം.

### സ്വുബ്ഹിക്ക് മുമ്പുള്ള സുന്നത്ത്

സ്വുബ്ഹിക്ക് മുമ്പുള്ള രണ്ട് റക്അത്ത് വളരെ പ്രാധാന്യമുള്ളതാണ്. നബിﷺ യാത്രയിൽ പോലും അതിൽ ഉപേക്ഷ വരുത്തിയിട്ടില്ലെന്ന് കാണാൻ കഴിയും. സൂറത്തുൽ കാഫിറൂനും സുറത്തുൽ ഇഖ്ലാസുമായിരുന്നു ഈ രണ്ട് റക്അത്തുകളിലും പാരായണം ചെയ്തിരുന്നത്. ചില സന്ദർഭങ്ങളിൽ ഒന്നാമത്തെ റക്അത്തിൽ സൂറത്തുൽ ബക്വറയിലെ 136ാമത്തെ വചനവും രണ്ടാമത്തെ റക്അത്തിൽ സൂറത്തു ആലു ഇംറാനിലെ 64ാമത്തെ വചനവും പാരായണം ചെയ്യാറുണ്ടായിരുന്നു.

### സ്വുബ്ഹിക്ക് മുമ്പുള്ള സുന്നത്തിനും സ്വുബ്ഹി നമസ്കാരത്തിനുമിടയിലെ കിടത്തം

സുബ്ഹിക്ക് മുമ്പുള്ള രണ്ട് റക്അത്ത് നിർവഹിച്ചു കഴിഞ്ഞാൽ വലത് വശത്തേക്ക് അൽപ സമയം ചെരിഞ്ഞ് കിടക്കുക എന്നത് പ്രവാചക ചര്യയിൽ പെട്ടതായിരുന്നു എന്ന് ആഇശ ഉദ്ധരിക്കുന്ന ഹദീഥിൽ കാണാം (ബുഖാരി: 626). രാത്രി നേരത്തെ എഴുന്നേറ്റ് സുദീർഘമായി നമസ്കരിച്ചവർക്ക് സ്വുബ്ഹി നമസ്കാരത്തിൽ അലസതയും മടുപ്പും വരാതിരിക്കാനാണ് ഈ ചെറിയ രൂപത്തിലെ കിടത്തം എന്ന് ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ(റഹി)യും ശൈഖ് ഇബ്നു ഉഥൈമീൻ(റഹി)യുമെല്ലാം വിശദീകരിച്ചിട്ടുണ്ട്. അഥവാ, എല്ലാവർക്കും ബാധകമല്ല എന്നർഥം.

### രാവിലെയും വൈകുന്നേരവും ചൊല്ലേണ്ട പ്രാർഥനകൾ

നിത്യജീവിതത്തിൽ നിഷ്ഠയോടെ പ്രാവർത്തികമാക്കേണ്ട മറ്റൊന്നാണ് രാവിലെയും വൈകുന്നേരവും ചൊല്ലേണ്ടതായ പ്രാർഥനകളും ദിക്റുകളും. നാവിന് ഉരുവിടാൻ പ്രയാസമില്ലാത്തതും മനഃപാഠമാക്കാൻ വളരെ എളുപ്പമുള്ളതുമായ കൊച്ചു കൊച്ചു പ്രാർഥനകളാണ് നബിﷺ പഠിപ്പിച്ചുതന്നിട്ടുള്ളത്. ഇത്തിരി നേരം ശ്രദ്ധിച്ചാൽ ഒത്തിരി പ്രതിഫലം സ്വായത്തമാക്കാൻ പറ്റുന്ന പ്രാർഥനകളെയും ദിക്റുകളെയും നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കാൻ നാം ശ്രദ്ധിക്കേണ്ടതുണ്ട്.

### ദുഹാ നമസ്കാരം

സൂര്യൻ ഉദിച്ചുയർന്നാൽ നിർവഹിക്കാവുന്ന നമസ്കാരമാണ് ദ്വുഹാ നമസ്കാരം. സൂര്യൻ ആകാശമധ്യത്തിലെത്തുന്നതിന് അൽപ സമയം മുമ്പുവരെ ഇത് നമസ്കരിക്കാവുന്നതാണ്. രാത്രി നമസ്കാരത്തിൽ നിന്ന് വ്യത്യസ്തമായി ഇരട്ടയായിക്കൊണ്ടാണ് അവസാനിപ്പിക്കേണ്ടത്.

അബൂഹുറയ്റ, അബുദ്ദർദാഅ് തുടങ്ങിയ സ്വഹാബിമാർക്ക് നബിﷺ നൽകിയ വസ്വിയ്യത്തുകളിൽ ദുഹാ നമസ്കാരം പരാമർശിച്ചതായി കാണാം. മാത്രവുമല്ല, മറ്റൊരു ഹദീഥിൽ തസ്ബീഹ് (സുബ്ഹാനല്ലാ) ചൊല്ലുന്നതിനും തഹ്മീദ് (അൽഹംദുലില്ലാഹ്) ചൊല്ലുന്നതിനും തഹ്‌ലീൽ (ലാ ഇലാഹ ഇല്ലാഹ്) ചൊല്ലുന്നതിനും തക്ബീർ (അല്ലാഹു അക്ബർ) ചൊല്ലുന്നതിനും നന്മ കൽപിക്കുന്നതിനും തിന്മവിരോധിക്കുന്നതിനും പുണ്യമുണ്ടെന്ന് പറഞ്ഞ ശേഷം ദുഹാ സമയത്തെ രണ്ട് റക്അത്ത് നമസ്കാരം പകരമായി മതിയാകുന്നതാണെന്നും നബിﷺ പറഞ്ഞത് ഈ നമസ്കാരത്തിന്റെ പ്രാധാന്യമാണ് വിളിച്ചോതുന്നത്.

### ദുഹ്റിന് മുമ്പും ശേഷവുമുള്ള സുന്നത്ത് നമസ്കാരങ്ങൾ

ദുഹ്ർ നമസ്കാരത്തിന് മുമ്പ് നാല് റക്അത്തും ശേഷം നാല് റക്അത്തും പ്രവാചക ചര്യയിൽ സ്ഥിരപ്പെട്ട് വന്നിട്ടുണ്ട്. ചില റിപ്പോർട്ടുകളിൽ മുമ്പും ശേഷവും രണ്ട് വീതം എന്നും മുമ്പ് നാലും ശേഷം രണ്ട് എന്നും കാണാവുന്നതാണ്. ഉമ്മു ഹബീബ ഉദ്ധരിക്കുന്ന ഹദീഥിൽ നബിﷺ ഇപ്രകാരം പറഞ്ഞതായി കാണാം:

"ആരെങ്കിലും ദുഹ്റിന് മുമ്പ് നാലു റക്അത്തും ശേഷം നാലു റക്അത്തും പതിവാക്കിയാൽ അല്ലാഹു അവന് നരകം നിഷിദ്ധമാക്കും" (അബൂദാവൂദ് 1269).

### അസ്റിന് മുമ്പ് നാലു റക്അത്ത്

അസ്വ്ർ നമസ്കാരത്തിന് മുമ്പ് നബിﷺ സുന്നത്ത് നമസ്കരിച്ചതായി അലി ഉദ്ധരിക്കുന്ന ഹദീഥിൽ സ്ഥിരപ്പെട്ടിട്ടുണ്ട്. ഇബ്നു ഉമർ ഉദ്ധരിക്കുന്ന ഹദീഥിൽ നബിﷺ ഇപ്രകാരം പറഞ്ഞതായി കാണാം: "അസ്റിന് മുമ്പ് നാലു റക്അത്ത് നമസ്കരിക്കുന്നവർക്ക് അല്ലാഹു കാരുണ്യം ചൊരിയട്ടെ" (അബൂദാവൂദ് 1271).

### മഗ്രിബിന് മുമ്പും ശേഷവും

മഗ്രിബിന് മുമ്പ് രണ്ടു റക്അത്ത് നമസ്കാരം നിർവഹിക്കുക എന്നതും നബിﷺയുടെ ചര്യയിൽ പെട്ടതാണ്. മഗ്രിബ് ബാങ്കുവിളിച്ച ശേഷം ഏതെങ്കിലും അപരിചിതരായ ആളുകൾ പള്ളിയിലേക്ക് വന്നാൽ ജമാഅത്ത് കഴിഞ്ഞോ എന്ന് സംശയിക്കുമാറ് സ്വഹാബിമാർ മഗ്രിബിന് മുമ്പുള്ള സുന്നത്ത് നിർവഹിക്കാറുണ്ടായിരുന്നുവെന്ന് അനസ് പറഞ്ഞതായി ഹദീഥ് ഗ്രന്ഥങ്ങളിൽ കാണാം.

മഗ്രിബിന് ശേഷമുള്ള സുന്നത്ത് നമസ്കാരത്തിൽ നബിﷺ സൂറത്തുൽ കാഫിറൂനും ഇഖ്‌ലാസുമാണ് പാരായണം ചെയ്തിരുന്നതെന്ന് അബ്ദുല്ലാഹ് ഇബ്നു മസ്ഊദ് ഉദ്ധരിച്ചതായും കാണാവുന്നതാണ്.

### ഇശാഇന് മുമ്പും ശേഷവും

ഇശാഅ് നമസ്കാരത്തിന് മുമ്പുള്ള രണ്ട് റക്അത്ത് അബ്ദുല്ലാഹ് ഇബ്നു മുഅഫൽ ഉദ്ധരിച്ച ഹദീഥുടെയും ശേഷമുള്ളത് ഇബ്നു ഉമർ, ആഇശ തുടങ്ങിയവരിൽനിന്നുദ്ധരിച്ച ഹദീഥുകളിലൂടെയും സ്ഥിരപ്പെട്ട കാര്യമാണ്.

### ക്വുർആൻ പാരായണം

ഏറെ പ്രതിഫലാർഹമായ മറ്റൊരു കർമമാണ് ക്വുർആൻ പാരായണം. ജനങ്ങളിൽ ഏറ്റവും ഉത്തമർ ക്വുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരാണെന്ന് ഇമാം ബുഖാരി ഉദ്ധരിച്ച ഹദീഥിൽ കാണാം. 'ക്വുർആൻ പാരായണം ചെയ്യുന്നവർ മാന്യരോടും പുണ്യവാളരോടുമൊപ്പമാണെന്നും പഠനം ഉദ്ദേശിച്ച് ആവർത്തിച്ച് പാരായണം ചെയ്യുന്നവർക്ക് രണ്ട് പ്രതിഫലമുണ്ട്' എന്നും മറ്റൊരു ഹദീഥിൽ വന്നിട്ടുണ്ട്.

ക്വുർആനിൽ നിന്ന് ഒരു അക്ഷരം പാരായണം ചെയ്യുന്നവന് ഓരോ നന്മയുണ്ടെന്നും ഓരോ നന്മയ്ക്കും പത്തിരട്ടി പ്രതിഫലമുണ്ടെന്നും നബിവചനങ്ങളിൽ കാണാവുന്നതാണ്.

മേൽ പറയപ്പെട്ട കർമങ്ങൾക്കും പ്രാർഥനകൾക്കും പുറമെ പൊതുവായ രൂപത്തിൽ നിരുപാധികം ചെയ്യാവുന്ന ധാരാളം ദിക്റുകളും ദുആളുകളും പ്രമാണങ്ങളിൽ സ്ഥിരപ്പെട്ടുവന്നിട്ടുണ്ട്. അതിനു പുറമെ വ്യത്യസ്ത സന്ദർഭങ്ങളിലായി പ്രാർഥിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യേണ്ടതായ കാര്യങ്ങളുമുണ്ട്.

കോവിഡ് 19ന്റെ പ്രത്യേക സാഹചര്യത്തിൽ വീട്ടിലിരിക്കുന്ന നാം ഓരോരുത്തരും പ്രമാണങ്ങളിൽ സ്ഥിരപ്പെട്ട ഇത്തരം കർമങ്ങളെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരാനും ശീലമാക്കാനും ശ്രദ്ധിക്കുക. അല്ലാഹു അനുഗ്രഹിക്കട്ടെ.

കവിത

അഫ്നാൻ അൻവർ.ഒ, എടത്തനാട്ടുകര
mail@nerpatham.com



# ലോക്ക്

ലോക്കിലായിന്ന് ലോകവാസികൾ
ആപ്പിലായതോ ആശുപത്രികൾ!
അതിനൊപ്പം കുറെ പാവങ്ങളും.
കളിചിരികൾ മാഞ്ഞുപോയ്
വിദ്യാലയമുറ്റങ്ങൾ നിശ്ശബ്ദമായ്
ക്ലാസ്മുറികൾ വിജനമായ്!
മുത്തശ്ശിക്കഥകൾക്ക് ഡിമാന്റേറി
മുത്തശ്ശനൊത്ത് കളി ചിരിയായി
കുഞ്ഞുങ്ങൾക്കിത് ലോക്കേയല്ല!
കുസൃതികൾ അൺലോക്കാക്കി
സന്തോഷ നിമിഷങ്ങളെ.
വീടുകളിലിന്നാനന്ദപ്പേമാരി!
മങ്ങിയ ബന്ധങ്ങൾക്ക് നിറംവച്ചു തുടങ്ങി
ലോക്ക് വീണ കവലകൾ
ഏകാന്തതയുടെ നോവ് പേറി.
ലോക്കിനിടയിലും വിലസുന്നവർ
ലാത്തിയടിവാങ്ങി ലോക്കപ്പിലായി!
ദേഹങ്ങളകലം തീർത്തുവെങ്കിലും
നന്മതൻ ലോക്കുകൾ തുറന്നു ഒരായിരം
കരുണയായ്, കരുതലായ്,
കാരുണ്യ വർഷമായ്....
സ്നേഹത്തിൻ മാതൃക തീർത്തു നമ്മൾ
അകലങ്ങൾ തീർക്കുന്നൊരു മഹാമാരിക്കും
മാനവ നന്മയെ ലോക്കിടാനാവില്ല.

# മനുഷ്യൻ

മനുഷ്യൻ...
അവൻ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്
അവൻ ഹാക്ക് ചെയ്ത പ്രകൃതി
തന്റെ പ്രതികാരം അവനിൽ
ഇൻസർട്ട് ചെയ്തുകൊണ്ടിരിക്കുന്നു!
മഴയുടെ ഡാൻസ് ഷോ
അവന്റെ ജീവിതം പെരുവഴിയിലാക്കി!
അവന്റെ മേൽ ദുരന്തമഴ പെയ്തിറങ്ങി.
ഏകാന്തതയുടെ തടവറയിൽ
പ്രതീക്ഷയുടെ പുതുകിരണവും കാത്ത്
അവനിരുന്നു.
പരോളിലിറങ്ങിയ അവൻ ആദ്യം ചെയ്തത്
താൻ ഡിലീറ്റ് ചെയ്ത
പുഴകളെയും കുന്നുകളെയും മരങ്ങളെയും
റീസ്റ്റോർ ചെയ്യുകയായിരുന്നു.

അബ്ദുൽ ജബ്ബാർ മദീനി
mail@nerpatham.com



ഇസ്‌ലാം പഠിപ്പിക്കുന്ന ഉത്തമ സ്വഭാവങ്ങൾ 15



# അന്യരുടെ ന്യൂനതകൾ പരസ്യമാക്കരുത്

മറവിലും ഒളിവിലുമായി ഒരു മുസ്‌ലിമിൽനിന്നു സംഭവിച്ചു പോയ തെറ്റുകളും കുറവുകളും പരസ്യമാക്കാതിരിക്കലും അതിന്റെ പേരിൽ അവന്റെ അഭിമാനത്തെ മോശപ്പെടുത്താതിരിക്കലും ഉത്തമ ഗുണവും മാന്യതയുമാണ്. വിശിഷ്യാ തെറ്റുപറ്റിയ വ്യക്തി സച്ചരിതനും സൽകീർത്തിയുള്ളവനുമാണെങ്കിൽ. അഭിമാനം അന്യോന്യം സംരക്ഷിക്കുവാനും പ്രതിരോധിക്കുവാനുമാണ് കൽപനയുള്ളത്. അടിയാറുകളുടെ കുറവുകളും നഗ്നതകളും മറയ്ക്കുന്നത് ഇസ്‌ലാം പ്രോത്സാഹിപ്പിച്ചു. നീചവൃത്തികൾ പരസ്യപ്പെടുത്തുന്നതും പ്രചരിപ്പിക്കുന്നതും വിരോധിച്ചു. അത് പരസ്യപ്പെടുത്തുന്നവർക്ക് നോവേറുന്ന ശിക്ഷയുണ്ടെന്ന് അവൻ മുന്നറിയിപ്പേകുകയും ചെയ്തു.

“തീർച്ചയായും സത്യവിശ്വാസികൾക്കിടയിൽ ദുർവൃത്തി പ്രചരിക്കുന്നത് ഇഷ്ടപ്പെടുന്നവരാരോ അവർക്കാണ് ഇഹത്തിലും പരത്തിലും വേദനയേറിയ ശിക്ഷയുള്ളത്. അല്ലാഹു അറിയുന്നു. നിങ്ങൾ അറിയുന്നില്ല” (ക്വുർആൻ 24:19).

അബൂബർസ‎ﷺയിൽനിന്നു നിവേദനം; അല്ലാഹുവിന്റെ തിരുദൂതർﷺ പറഞ്ഞു: "ഹൃദയത്തിലേക്ക് ഈമാൻ പ്രവേശിക്കാതെ നാവുകൊണ്ട് മാത്രം വിശ്വസിച്ചവരേ! നിങ്ങൾ മുസ്‌ലിംകളെക്കുറിച്ച് പരദൂഷണം പറഞ്ഞു നടക്കരുത്. അവരുടെ കുറവ് അന്വേഷിച്ച് പിറകെ നിങ്ങൾ നടക്കുകയുമരുത്. കാരണം ആരാണോ അവരുടെ കുറവുകൾ അന്വേഷിച്ച് അവരുടെ പിറകെ നടക്കുന്നത് അവരുടെ കുറവുകൾ അല്ലാഹു പിന്തുടർന്ന് പിടിക്കും. ആരുടെ കുറവുകളാണോ അല്ലാഹു പിന്തുടർന്ന് പിടികൂടുന്നത് അവനെ തന്റെ ഭവനത്തിൽ വെച്ച് അല്ലാഹു വഷളാക്കും"(സുനനു അബീദാവൂദ്. അൽബാനി ഹദീഥിനെ സഹീഹാക്കിയിട്ടുണ്ട്).

ഥൗബാനിﷺൽ നിന്ന് നിവേദനം. തിരുനബിﷺ പറഞ്ഞു: "നിങ്ങൾ അല്ലാഹുവിന്റെ ദാസന്മാരെ ദ്രോഹിക്കരുത്. അവരെ നിങ്ങൾ ആക്ഷേപിക്കുകയും ചെയ്യരുത്. അവരുടെ കുറവുകൾ നിങ്ങൾ അന്വേഷിക്കരുത്. കാരണം വല്ലവനും തന്റെ മുസ്‌ലിമായ സഹോദരന്റെ കുറവുകൾ അന്വേഷിച്ചാൽ അല്ലാഹു അവന്റെ കുറവുകൾ അന്വേഷിക്കുകയും അങ്ങനെ അവന്റെ വീട്ടിൽ വെച്ച് അവനെ വഷളാക്കുകയും ചെയ്യും"(മുസ്നദുഅഹ്മദ്. അർനാഊത് സ്വഹീഹുൻലിഗയ്രിഹീയെന്നുപറഞ്ഞു).

അബൂഹുറയ്റﷺയിൽ നിന്ന് നിവേദനം; തിരുനബിﷺ പറഞ്ഞു: "...നിങ്ങൾ തെറ്റുകൾ രഹസ്യമായി അന്വേഷിക്കരുത്..." (ബുഖാരി).

അന്യരുടെ കുറവുകളും പോരായ്മകളും മറയ്ക്കുന്നതിന് അല്ലാഹു മഹത്തായ പ്രതിഫലമാണ് വാഗ്ദാനമേകിയിരിക്കുന്നത്. അബുദ്ദർദാഇﷺൽനിന്നു നിവേദനം. അല്ലാഹുവിന്റെ തിരുദൂതർﷺ പറഞ്ഞു: "തന്റെ സഹോദരന്റെ അഭിമാനത്തെ ആരെങ്കിലും പ്രതിരോധിച്ചാൽ ക്വിയാമത്ത് നാളിൽ അല്ലാഹു അവന്റെ മുഖത്തുനിന്നും നരകത്തെ തടുക്കും" (സുനനുത്തിർമിദി. അൽബാനി ഹദീഥിനെ ഹസനാക്കിയിട്ടുണ്ട്).

അബൂഹുറയ്റﷺയിൽ നിന്ന് നിവേദനം; അല്ലാഹുവിന്റെ റസൂൽﷺ പറഞ്ഞു: "...ഒരു മുസ്‌ലിമിന്റെ (ന്യൂനത) ഒരാൾ മറച്ചുവെച്ചാൽ, അല്ലാഹു അയാളുടെ ഇഹത്തിലെയും പരത്തിലെയും (ന്യൂനതകൾ) മറയ്ക്കുന്നതാണ്..." (മുസ്‌ലിം).

മറ്റൊരു നിവേദനത്തിൽ ഇങ്ങനെയുണ്ട്: "ഏതൊരു അടിമയാണോ മറ്റൊരു ദാസന്റെ കുറവുകൾ ഇഹലോകത്തു മറച്ചുവെക്കുന്നത് അല്ലാഹു അവന്റെ കുറവ് പരലോകത്ത് മറച്ചുവെക്കുക തന്നെ ചെയ്യും" (മുസ്‌ലിം).

തെറ്റുചെയ്യുന്ന വ്യക്തികളെ നേരിട്ടാണെങ്കിൽ ഗുണദോഷിച്ചും പരസ്യമായിട്ടാണെങ്കിൽ വ്യക്തിപരാമർശം നടത്താതെ പൊതുവിൽ മുന്നറിയിപ്പ് നൽകുകയും ചെയ്യുമായിരുന്നു തിരുമേനിﷺ.

അബൂഹുമയ്ദ് അസ്സാഇദീﷺയിൽ നിന്ന് നിവേദനം ചെയ്യപ്പെടുന്ന ഒരു സംഭവത്തിൽ പിരിവിന്നയച്ച ഒരു വ്യക്തിയെ തിരുമേനിﷺ ഇപ്രകാരം കൈകാര്യം ചെയ്തത് നമുക്ക് വായിക്കാം:

"തിരുനബിﷺ, അസ്ദ് ഗോത്രത്തിലെ ഇബ്നുല്ലത്ഫിയ്യ എന്ന് പറയപ്പെടുന്ന ഒരു വ്യക്തിയെ സ്വദക്വ മുതൽ ശേഖരിക്കുവാൻ നിയോഗിച്ചു. (ശേഖരണ ശേഷം) അദ്ദേഹം വന്നുകൊണ്ട് പറഞ്ഞു: 'ഇത് നിങ്ങൾക്കാകുന്നു. ഇത് എനിക്ക് സമ്മാനമായി നൽകപ്പെട്ടതാകുന്നു.' അപ്പോൾ നബിﷺ പറഞ്ഞു: 'അയാളുടെ വീട്ടിലിരുന്നാൽ തനിക്ക് ഹദ്‌യ നൽകപ്പെടുമോ ഇല്ലയോ എന്ന് അയാൾക്ക് നോക്കിക്കൂടേ? അല്ലാഹുവാണെ സത്യം, വല്ലവനും അതിൽനിന്ന് വല്ലതും എടുത്താൽ അവൻ അത് വഹിച്ചുകൊണ്ട് അന്ത്യനാളിൽ വരുന്നതാണ്. (ഹദ്‌യയായി(ഗിഫ്റ്റായി) ലഭിച്ചത്) ഒട്ടകമാണെങ്കിൽ ആ ഒട്ടകത്തിന് അലറിക്കരയുന്ന ശബ്ദമുണ്ടാകും. പശുവാണെങ്കിൽ അതിന് അമർച്ചയുണ്ടാകും. ആടാണെങ്കിൽ അതിന് കരച്ചിലുമുണ്ടാകും.' ശേഷം തിരുമേനിﷺ തന്റെ ഇരുകരങ്ങളും (കക്ഷത്തിന്റെ (വെളുപ്പും ചുവപ്പും കലർന്ന) നിറം ഞങ്ങൾ കാണുവോളം ഉയർത്തി. എന്നിട്ട് തിരുമേനിﷺ പറഞ്ഞു: 'അല്ലാഹുവേ, ഞാൻ എത്തിച്ചു നൽകിയില്ലേ?' മൂന്ന് തവണ തിരുമേനി ഇത് ആവർത്തിച്ചു" (ബുഖാരി).

ഈ വിഷയത്തിൽ പരസ്യമായ ഒരു പ്രസംഗം തിരുമേനിﷺ നടത്തുകയും ശക്തമായ ഭാഷ അതിൽ പ്രയോഗിക്കുകയും എന്നാൽ വ്യക്തി പരാമർശം നടത്താതെ പൊതുവിൽ സംസാരിക്കുകയും ചെയ്തത് ബുഖാരിയുടെ തന്നെ മറ്റൊരു നിവേദനത്തിൽ കാണാം:

"നാം നിയോഗിക്കുന്ന ഉദ്യോഗസ്ഥന് എന്തു പറ്റി? അദ്ദേഹം വന്നുകൊണ്ട് പറയുന്നു; ഇത് നിങ്ങൾക്കാകുന്നു, ഇത് എനിക്ക് സമ്മാനമായി നൽകപ്പെട്ടതാകുന്നു എന്ന്."

സ്വന്തം കുറവുകളും തെറ്റുകളും പരസ്യപ്പെടുത്താതിരിക്കുവാനും നഗ്നതകൾ മറയ്ക്കുവാനും കൽപനയുണ്ട്. യഅ്ലാ ഇബ്നുഉമയ്യﷺയിൽ നിന്ന് നിവേദനം; ഒരു സംഭവം ഇപ്രകാ

രമുണ്ട്: "തിരുനബിﷺ ഒരു വ്യക്തി തുറന്ന സ്ഥലത്ത് മുണ്ടുടുക്കാതെ കുളിക്കുന്നത് കണ്ടു. അപ്പോൾ തിരുദൂതർ മിമ്പറിൽ കയറി അല്ലാഹുവിന് ഹംദുകൾ അർപ്പിച്ച് അവനെ വാഴ്ത്തിപ്പുകഴ്ത്തിക്കൊണ്ടു പറഞ്ഞു: 'നിശ്ചയം, അല്ലാഹു ഏറെ ലജ്ജയുള്ളവനും സിത്തീറുമാകുന്നു. അവൻ ലജ്ജയും മറയും ഇഷ്ടപ്പെടുന്നു. നിങ്ങളിൽ ഒരാൾ കുളിക്കുകയായാൽ അവൻ മറ സ്വീകരിക്കട്ടെ"(സുനനുന്നസാഈ, അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

വ്യഭിചാരമാകുന്ന പാപം ചെയ്ത ഒരു വ്യക്തി തിരുമേനിﷺയുടെ അടുക്കലെത്തി കുറ്റസമ്മതം നടത്തിയപ്പോൾ അയാളോടുള്ള തിരുമേനിയുടെ പ്രതികരണം ശ്രദ്ധേയമാണ്.

അബൂഹുറയ്റ﵁യിൽനിന്നു നിവേദനം: "തിരുദൂതർﷺ പള്ളിയിലായിരിക്കെ മുസ്‌ലിംകളിൽപെട്ട ഒരാൾ അദ്ദേഹത്തിന്റെ അടുക്കൽ വന്നു. തിരുമേനിﷺയെ വിളിച്ചുകൊണ്ട് അയാൾ പറഞ്ഞു: 'അല്ലാഹുവിന്റെ തിരുദൂതരേ, ഞാൻ വ്യഭിചരിച്ചിരിക്കുന്നു.' അപ്പോൾ തിരുമേനി അയാളിൽ നിന്നു മുഖം തിരിച്ചു. അയാൾ തിരുനബിﷺയുടെ മുഖത്തിനു നേരെനീങ്ങിനിന്നുകൊണ്ട് പറഞ്ഞു: 'തിരുദൂതരേ, ഞാൻ വ്യഭിചരിച്ചിരിക്കുന്നു.' അപ്പോൾ തിരുമേനി അയാളിൽ നിന്നു മുഖംതിരിച്ചു. അയാൾ നാലു തവണ ഇത് തിരുമേനിയോട് ആവർത്തിച്ചു. അയാൾ സ്വന്തത്തിന് എതിരിൽ നാലു തവണ സാക്ഷ്യം വഹിച്ചപ്പോൾ തിരുമേനി അയാളെ വിളിച്ചു. അവിടുന്ന് ചോദിച്ചു: 'താങ്കൾക്കു ഭ്രാന്തുണ്ടോ?' അയാൾ പറഞ്ഞു: 'ഇല്ല.' നബിﷺ ചോദിച്ചു: 'താങ്കൾ വിവാഹിതനാണോ?' അയാൾ പറഞ്ഞു: 'അതെ.' അപ്പോൾ തിരുനബി പറഞ്ഞു: 'നിങ്ങൾ ഇദ്ദേഹത്തെ കൊണ്ടുപോയി എറിഞ്ഞുകൊല്ലുക" (ബുഖാരി, മുസ്‌ലിം).

വ്യഭിചരിച്ച ഈ വ്യക്തിയെ തിരുസവിധത്തിലേക്ക് അയച്ചതും തന്റെ തെറ്റ് അറിയിക്കുവാൻ ആവശ്യപ്പെട്ടതും ഹസ്സാൽ ഇബ്നു രിആബ് എന്ന വ്യക്തിയായിരുന്നു. അദ്ദേഹത്തോടു വരെ തിരുനബി ഇപ്രകാരം അരുളി:

"ഹസ്സാൽ, നിങ്ങൾക്ക് അയാളെ നിങ്ങളുടെ വസ്ത്രം കൊണ്ടു മറച്ചുപിടിച്ചുകൂടായിരുന്നുവോ?"

"ഹസ്സാൽ, നിങ്ങൾക്കു നാശം! നിങ്ങൾ അയാളെ നിങ്ങളുടെ വസ്ത്രംകൊണ്ടു മറച്ചു പിടിച്ചിരുന്നുവെങ്കിൽ അതായിരുന്നു നിങ്ങൾക്ക് ഉത്തമം"(മുസ്തദ്റക്, ഹാകിമും ദഹബിയും സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

അയാളുടെ തെറ്റ് പരസ്യപ്പെടുത്താതെ പശ്ചാത്തപിക്കുവാനും പാപമോചനത്തിനു തേടുവാനും അയാളോട് ആവശ്യപ്പെടുകയായിരുന്നു നിങ്ങൾ ചെയ്യേണ്ടിയിരുന്നത് എന്നതാണ് നബിﷺ ഇപ്പറഞ്ഞതിന് അർഥം. ജനങ്ങളുടെ കുറവുകൾ മറയ്ക്കുവാനും തെറ്റുകൾക്ക് മറയിടുവാനും അഭിമാനങ്ങൾ സംരക്ഷിക്കുവാനുമാണ് അപവാദപ്രചാരണത്തെ ഇസ്‌ലാം നിഷിദ്ധവും വൻപാപവുമാക്കിയത്. അല്ലാഹു പറഞ്ഞു:

"പതിവ്രതകളും(ദുർവൃത്തിയെപ്പറ്റി) ഓർക്കുക പോലും ചെയ്യാത്തവരുമായ സത്യവിശ്വാസിനികളെപ്പറ്റി ദുരാരോപണം നടത്തുന്നവരാരോ അവർ ഇഹത്തിലും പരത്തിലും ശപിക്കപ്പെട്ടിരിക്കുന്നു; തീർച്ച. അവർക്ക് ഭയങ്കരമായ ശിക്ഷയുമുണ്ട്"(ക്വുർആൻ 24:23).

അബൂഹുറയ്റ﵁യിൽ നിന്നുള്ള ഹദീഥിൽ ഇപ്രകാരമുണ്ട്. തിരുനബിﷺ പറഞ്ഞു: "നാശത്തിൽ ആപതിപ്പിക്കുന്ന ഏഴ് (വൻപാപങ്ങളെ) നിങ്ങൾ വെടിയുക... "നബിﷺ അവയിൽ ഇപ്രകാരമുണർത്തി: "പതിവ്രതകളും സത്യവിശ്വാസിനികളും (തെറ്റുകളെ കുറിച്ച്) ആലോചിക്കുകപോലും ചെയ്യാത്തവരുമായ സ്ത്രീകളെ കുറിച്ച് അപവാദപ്രചാരണം നടത്തൽ" (ബുഖാരി, മുസ്‌ലിം).

അപവാദ പ്രചാരണത്തിന്നുള്ള ശിക്ഷ ഇസ്‌ലാമിൽ കഠിനമാണ്. ജനങ്ങളുടെ കുറവുകൾ മറയ്ക്കുക, അഭിമാനങ്ങൾ സംരക്ഷിക്കുക, തിന്മ പ്രചരിപ്പിക്കുന്ന നാവുകളെ നിശ്ശബ്ദമാക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് അപവാദ പ്രചാരണത്തിന്നുള്ള ശിക്ഷ നടപ്പിലാക്കുന്നതിലൂടെ ഇസ്‌ലാമിനുള്ളത്. വല്ലവനും ഒരു മുസ്‌ലിമിനെ വ്യഭിചാരാരോപണം നടത്തുകയും താൻ ആരോപിച്ചതിന്റെ സത്യസന്ധതക്ക് തെളിവ് സ്ഥാപിക്കാതിരിക്കുകയുമായാൽ എൺപതു അടിയാണ് അവനുള്ള ശിക്ഷ. അല്ലാഹു പറഞ്ഞു:

"ചാരിത്രവതികളുടെ മേൽ (വ്യഭിചാരം) ആരോപിക്കുകയും എന്നിട്ട് നാലു സാക്ഷികളെ കൊണ്ടുവരാതിരിക്കുകയും ചെയ്യുന്നവരെ നിങ്ങൾ എൺപത് അടി അടിക്കുക"(ക്വുർആൻ 24:23).

ഈ ശിക്ഷ നടപ്പാക്കുന്നതോടൊപ്പം ആരോപണമുന്നയിച്ചവനിൽ മറ്റൊരു ശിക്ഷകൂടി അനിവാര്യമാകും. അവന്റെ സാക്ഷ്യം തള്ളുകയും അവനിൽ ഫിസ്ക്(തെമ്മാടിയാണെന്ന്) വിധിക്കുകയും ചെയ്യലാണത്. അല്ലാഹു പറഞ്ഞു:

"അവരുടെ സാക്ഷ്യം നിങ്ങൾ ഒരിക്കലും സ്വീകരിക്കുകയും ചെയ്യരുത്. അവർ തന്നെയാകുന്നു അധർമകാരികൾ" (ക്വുർആൻ 24:4).




# അന്ത്യദിനത്തിലുള്ള വിശ്വാസം

മനുഷ്യരുടെ കർമങ്ങളെ വിചാരണ ചെയ്യുന്നതിനും നീതിയുക്തമായ പ്രതിഫലം നൽകുന്നതിനും വേണ്ടി അല്ലാഹു ഒരു ദിവസം നിശ്ചയിച്ചിട്ടുണ്ട്.(1) ആ അന്ത്യസമയത്തിന്റെ ആസന്നതയെ അറിയിക്കുന്ന ചില അടയാളങ്ങളുമുണ്ട്. മനുഷ്യർ തങ്ങളുടെ ക്വബ്‌റുകളിൽവച്ച് ചോദ്യം ചെയ്യപ്പെടുകയും അവിടെ സുഖാനുഗ്രഹങ്ങൾ നൽകപ്പെടുകയോ അല്ലെങ്കിൽ ശിക്ഷിക്കപ്പെടുകയോ ചെയ്യുന്നതുമാണ്. എന്നിട്ട് മനുഷ്യരുടെ മടക്കം ഒന്നുകിൽ സ്വർഗത്തിലേക്കോ അല്ലെങ്കിൽ നരകത്തിലേക്കോ ആയിരിക്കുകയും ചെയ്യും. അന്ത്യദിനത്തിലെ സംഭവവികാസങ്ങളെയും ഭയാനകതയെയും വിശദമാക്കുന്ന നിരവധി പ്രമാണവചനങ്ങൾ വന്നിട്ടുണ്ട്. അല്ലാഹു പറയുന്നു:

“നിങ്ങൾ അല്ലാഹുവിങ്കലേക്ക് മടക്കപ്പെടുന്ന ഒരു ദിവസത്തെ സൂക്ഷിച്ചുകൊള്ളുക. എന്നിട്ട് ഓരോരുത്തർക്കും അവരവർ പ്രവർത്തിച്ചതിന്റെ ഫലം പൂർണമായി നൽകപ്പെടുന്നതാണ്. അവരോട് (ഒട്ടും) അനീതികാണിക്കപ്പെടുകയില്ല”(ക്വുർആൻ 2:281).

"പരലോകശിക്ഷയെ ഭയപ്പെടുന്നവർക്ക് തീർച്ചയായും അതിൽ ദൃഷ്ടാന്തമുണ്ട്. സർവമനുഷ്യരും സമ്മേളിക്കപ്പെടുന്ന ഒരു ദിവസമാണത്. (സർവരുടെയും) സാന്നിധ്യമുണ്ടാകുന്ന ഒരു ദിവസമാകുന്നു അത്. നിർണിതമായ ഒരവധി വരെ മാത്രമാണ് നാമത് നീട്ടിവെക്കുന്നത്" (ക്വുർആൻ 11:103,104).

പരലോകവുമായി ബന്ധപ്പെട്ടുള്ള സ്വൂഫി വിശ്വാസങ്ങളിലൊന്നാണ് ആരാധനാകർമങ്ങൾ അനുഷ്ഠിക്കേണ്ടത് അല്ലാഹുവിനോടുള്ള സ്നേഹം കാരണത്താൽ മാത്രമായിരിക്കണമെന്നത്. അല്ലാഹുവിനെ കണ്ടുമുട്ടണമെന്നത് മാത്രമായിരിക്കണം ഒരു ദാസന്റെ ലക്ഷ്യമെന്നും സ്വർഗപ്രവേശന മോഹവും നരകത്തിൽനിന്നുമുള്ള രക്ഷയുമൊന്നും കർമങ്ങൾക്കു പിന്നിൽ ഉണ്ടായിക്കൂടെന്നും അവർ പറയുന്നു! തന്റെ ആരാധനാകർമങ്ങളിലൂടെ സ്വർഗം ആഗ്രഹിക്കുന്നവരെ കുറിച്ച് വിവരമില്ലാത്ത സാധാരണക്കാരെന്ന വീക്ഷണമാണ് അവർക്കുള്ളത്! എത്രത്തോളമെന്നാൽ സ്വർഗത്തെ സംബന്ധിച്ച് വളരെ നിസ്സാരമായ കാഴ്ചപ്പാടിലേക്കും അവഗണനയിലേക്കും അവരിൽ ചിലരെ കാര്യങ്ങൾ കൊണ്ടെത്തിച്ചു. എന്നാൽ മതപരമായ തെളിവുകൾ പരിശോധിക്കുന്ന ഏതൊരു മുസ്‌ലിമിനും മനസ്സിലാക്കുവാൻ സാധിക്കുന്നത് സ്വർഗമാഗ്രഹിച്ചും നരകത്തെ ഭയന്നുമുള്ള ആരാധനാകർമങ്ങൾ അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ ഭാഗമാണെന്നതിന് എതിരല്ല എന്ന വസ്തുതയാണ്. അതുകൊണ്ട് തന്നെ നരകത്തെ കുറിച്ച് പേടിപ്പെടുത്തുന്ന വചനങ്ങൾ നമുക്ക് കാണാൻ കഴിയുന്നതാണ്.

"മനുഷ്യരും കല്ലുകളും ഇന്ധനമായി കത്തിക്കപ്പെടുന്ന നരകാഗ്നിയെ നിങ്ങൾ കാത്തുസൂക്ഷിച്ചു കൊള്ളുക. സത്യനിഷേധികൾക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതാകുന്നു അത്" (ക്വുർആൻ 2:24).

അപ്രകാരം തന്നെ സ്വർഗത്തെ കുറിച്ച് ആഗ്രഹം ജനിപ്പിക്കുന്ന സൂക്തങ്ങളും കാണാം: "നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള പാപമോചനവും ആകാശഭൂമികളോളം വിശാലമായ സ്വർഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർമനിഷ്ഠപാലിക്കുന്നവർക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതത്രെ അത്" (ക്വുർആൻ 3:133).

മനുഷ്യരിൽ ഏറ്റവും ഉൽകൃഷ്ടരായ നബിമാരെക്കുറിച്ച് (സ്വർഗ)പ്രതീക്ഷയോടും (നരകത്തെ സംബന്ധിച്ച) ഭയപ്പാടോടും കൂടി അല്ലാഹുവിന് ആരാധന ചെയ്യുന്നവരാണെന്ന് അല്ലാഹു തന്നെ പ്രശംസിച്ച് പറഞ്ഞിട്ടുണ്ട്. അല്ലാഹു പറയുന്നു:

"അപ്പോൾ നാം അദ്ദേഹത്തിന് ഉത്തരം നൽകുകയും അദ്ദേഹത്തിന് (മകൻ) യഹ്‌യായെ നാം പ്രദാനം ചെയ്യുകയും അദ്ദേഹത്തിന്റെ ഭാര്യയെ നാം (ഗർഭധാരണത്തിന്) പ്രാപ്തയാക്കുകയും ചെയ്തു. തീർച്ചയായും അവർ (പ്രവാചകൻമാർ) ഉത്തമകാര്യങ്ങൾക്ക് ധൃതികാണിക്കുകയും, ആശിച്ചുകൊണ്ടും പേടിച്ചുകൊണ്ടും നമ്മോട് പ്രാർഥിക്കുകയും ചെയ്യുന്നവരായിരുന്നു. അവർ നമ്മോട് താഴ്മ കാണിക്കുന്നവരുമായിരുന്നു"(ക്വുർആൻ 21:90).

ഭയഭക്തിയുള്ളവർക്ക് അല്ലാഹു ഇരട്ടി പ്രതിഫലം വാഗ്ദാനം ചെയ്തിട്ടുമുണ്ട്. അല്ലാഹു പറയുന്നു:

"തന്റെ രക്ഷിതാവിന്റെ സന്നിധിയെ ഭയപ്പെട്ടവന്ന് രണ്ട് സ്വർഗത്തോപ്പുകളുണ്ട്" (ക്വുർആൻ 55:46).

"അപ്പോൾ ഏതൊരാൾ തന്റെ രക്ഷിതാവിന്റെ സ്ഥാനത്തെ ഭയപ്പെടുകയും മനസ്സിനെ തന്നിഷ്ടത്തിൽ നിന്ന് വിലക്കിനിർത്തുകയും ചെയ്തുവോ (അവന്ന്) സ്വർഗം തന്നെയാണ് സങ്കേതം" (ക്വുർആൻ 79:40,41).

ഉന്നതമായ പദവികളുള്ള മുഹമ്മദ് നബിﷺ പരലോകശിക്ഷ ഭയന്നുകൊണ്ട് അല്ലാഹുവിനെ അനുസരിച്ചു: അല്ലാഹു പറയുന്നു:

"പറയുക: ഞാൻ എന്റെ രക്ഷിതാവിനോട് അനുസരണക്കേട് കാണിക്കുന്ന പക്ഷം ഭയങ്കരമായ ഒരു ദിവസത്തെ ശിക്ഷയെപ്പറ്റി തീർച്ചയായും ഞാൻ ഭയപ്പെടുന്നു" (ക്വുർആൻ 6:15).

നബിമാർ തങ്ങളുടെ ജനങ്ങളെ അല്ലാഹുവിന്റെ ശിക്ഷയെ കുറിച്ച് പേടിപ്പെടുത്തിക്കൊണ്ട് കൂടിയാണ് പ്രബോധനം ചെയ്തിരുന്നത്. അവരിലൊരാളായ നൂഹ് നബി(അ) പറഞ്ഞത് കാണുക.

"നൂഹിനെ അദ്ദേഹത്തിന്റെ ജനതയിലേക്ക് നാം അയക്കുകയുണ്ടായി. എന്നിട്ട് അദ്ദേഹം പറഞ്ഞു: എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവെ ആരാധിക്കുവിൻ. അവനല്ലാതെ നിങ്ങൾക്ക ഒരു ദൈവവുമില്ല. തീർച്ചയായും ഭയങ്കരമായ ഒരു ദിവസത്തെ ശിക്ഷ നിങ്ങൾക്കു (വന്നുഭവിക്കുമെന്ന്) ഞാൻ ഭയപ്പെടുന്നു" (ക്വുർആൻ 7:59).

ആരെങ്കിലും അല്ലാഹുവിന്റെ ശിക്ഷയെ ഭയപ്പെടാതെ സ്നേഹംകൊണ്ട് മാത്രം അവനെ ആരാധിക്കുന്നുവെങ്കിൽ പ്രവാചകന്മാരുടെ പാതക്കെതിരിലാണ് അയാൾ എന്ന് ഇതിൽ നിന്നും മനസ്സിലാക്കാം. അല്ലാഹുവിന്റെ കൽപനകൾക്കും എതിരിലാണ് അയാൾ നിലകൊള്ളുന്നത്. അല്ലാഹു പറയുന്നു:

"നിങ്ങൾ എന്നെ ഭയപ്പെടുക; നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ" (ക്വുർആൻ 3:175).

അല്ലാഹുവിനെക്കുറിച്ചുള്ള ഭയം ആർക്കെങ്കിലും ഇല്ലെങ്കിൽ അയാൾ സത്യവിശ്വാസികളിൽപെട്ടവനല്ലെന്നാണ് തെളിവുകൾ വ്യക്തമാക്കുന്നത്. പ്രതീക്ഷയോടും ഭയപ്പാടോടുംകൂടി അല്ലാഹുവിന് ആരാധന ചെയ്യുന്ന സത്യവിശ്വാസികളെ അല്ലാഹു പ്രശംസിക്കുന്നത് കാണുക. അല്ലാഹു പറയുന്നു:

"ഭയത്തോടും പ്രത്യാശയോടും കൂടി തങ്ങളുടെ രക്ഷിതാവിനോട് പ്രാർഥിക്കുവാനായി, കിടന്നുറങ്ങുന്ന സ്ഥലങ്ങൾ വിട്ട് അവരുടെ പാർശ്വങ്ങൾ അകലുന്നതാണ്. അവർക്ക് നാം നൽകിയതിൽനിന്ന് അവർ ചെലവഴിക്കുകയും ചെയ്യും. എന്നാൽ അവർ പ്രവർത്തിച്ചിരുന്നതിനുള്ള പ്രതിഫലമായിക്കൊണ്ട് കൺകുളിർപ്പിക്കുന്ന എന്തെല്ലാം കാര്യങ്ങളാണ് അവർക്ക് വേണ്ടി രഹസ്യമാക്കിവെക്കപ്പെട്ടിട്ടുള്ളത് എന്ന് ഒരാൾക്കും അറിയാവുന്നതല്ല" (ക്വുർആൻ 32:16,17).

അല്ലാഹു സ്വർഗം തങ്ങൾക്കായി തയ്യാറാക്കിവച്ചിരിക്കുകയാണെന്നും സ്വൂഫികൾ പറയുന്നു. ഉദാഹരണത്തിന്, തന്റെ അനുയായികൾ എത്രതന്നെ തെറ്റുകുറ്റങ്ങൾ പ്രവർത്തിച്ചാലും വിചാരണയോ ശിക്ഷയോ കൂടാതെ സ്വർഗത്തിൽ കടക്കുമെന്ന് തനിക്ക നബിﷺ ഉറപ്പു നൽകിയിട്ടുണ്ടെന്നാണ് 'തീജാനി' പറയുന്നത്. 'ഖത്മിയ്യ' ത്വരീക്വത്തിന്റെ വക്താവായ മീർഗനി പറയുന്നതാകട്ടെ, നബിﷺ സ്വർഗത്തിന്റെ കാവൽക്കാരനായ രിദ്വാൻ എന്ന മലക്കിനോട് തനിക്കും തന്റെ അനുയായികൾക്കുമായി തോട്ടങ്ങളും വനങ്ങളും നിർമിക്കാൻ വസ്വിയ്യത്ത് ചെയ്തിട്ടുണ്ടെന്നാണ്! നരകത്തിന്റെ കാവൽക്കാരനായ മലക്കിനോട് നരകത്തിൽ പ്രത്യേകമായ സ്ഥലങ്ങൾ തന്റെ ശത്രുക്കൾക്കായി ഒരുക്കുവാനും പറഞ്ഞിട്ടുണ്ടത്രെ! സ്വൂഫികളിലെ പല വിഭാഗങ്ങളും ഇതുപോലെ പറഞ്ഞിട്ടുണ്ട്.(2) എത്രത്തോളമെന്നാൽ അവരിലെ ഒരു നേതാവ് പറഞ്ഞത് 'തന്നെ കണ്ടവർ സ്വർഗത്തിൽ പ്രവേശിക്കും' എന്നാണ്. ഇത്തരം വിടുവായിത്തങ്ങൾക്ക് അല്ലാഹുവിന്റെ ക്വുർആനിൽ നിന്നോ നബിﷺയുടെ സുന്നത്തിൽ നിന്നോ യാതൊരു രേഖയും കണ്ടെത്താൻ അവർക്ക് സാധിക്കുകയില്ല. അതുകൊണ്ടുതന്നെ യാതൊരു അറിവുമില്ലാതെ അല്ലാഹുവിന്റെമേൽ കളവ് പറയലായിരിക്കും അത്. അല്ലാഹു പറയുന്നു:

"അല്ലാഹുവിന്റെ പേരിൽ കള്ളം കെട്ടിച്ചമയ്ക്കുകയോ, അവന്റെ ദൃഷ്ടാന്തങ്ങൾ തള്ളിക്കളയുകയോ ചെയ്തവനെക്കാൾ കടുത്ത അക്രമി ആരുണ്ട്? അക്രമികൾ വിജയം വരിക്കുകയില്ല; തീർച്ച" (ക്വുർആൻ 6:21).

"നിനക്ക് അറിവില്ലാത്ത യാതൊരു കാര്യത്തിന്റെയും പിന്നാലെ നീ പോകരുത്. തീർച്ചയായും കേൾവി, കാഴ്ച, ഹൃദയം എന്നിവയെപ്പറ്റിയെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ്" (ക്വുർആൻ 17:36).

നിഷിദ്ധമാക്കപ്പെട്ട കാര്യങ്ങൾ പറഞ്ഞപ്പോൾ അതിൽ ഇതുകൂടി അല്ലാഹു പറഞ്ഞു:

"അല്ലാഹുവിന്റെ പേരിൽ നിങ്ങൾക്കറിഞ്ഞുകൂടാത്തത് പറഞ്ഞുണ്ടാക്കുവാനുമാണ് പിശാച് നിങ്ങളോട് കൽപ്പിക്കുന്നത്"(ക്വുർആൻ 2:169).

അല്ലാഹുവിന്റെ പ്രവാചകൻ മുഹമ്മദ് നബിﷺ പറയുന്നത് കാണുക:

"അല്ലാഹുവാണെ സത്യം! അല്ലാഹുവിന്റെ ദൂതനായ എന്നെ എന്തുചെയ്യുമെന്ന് എനിക്കറിയില്ല." (ബുഖാരി).(3)


**വിവർത്തകക്കുറിപ്പ്:**

1. മനുഷ്യകർമങ്ങൾക്ക് ഈ ലോകത്തു വച്ച് കൃത്യമായ കണക്കുനോക്കലും പ്രതിഫലം നൽകപ്പെടലും സാധ്യമല്ല. അതിനാൽ അതിന് അനുയോജ്യമായ വിചാരണയുടെയും പ്രതിഫലത്തിന്റെയും വേദിയൊരുക്കുകയാണ് അല്ലാഹു. ഭൗതികലോകത്തെ തന്റെ കർമങ്ങളെ കുറിച്ച് മനുഷ്യൻ അവിടെ കൃത്യമായ കണക്കുബോധിപ്പിക്കേണ്ടിവരും. അവിടെ വിജയം വരിക്കുകയും രക്ഷപ്രാപിക്കുകയും ചെയ്ത് ശാശ്വതമായ സ്വർഗ ജീവിതം നയിക്കാൻ സാധിക്കലാണ് ശാശ്വതവും അടിസ്ഥാനപരവുമായ വിജയം. മനുഷ്യജീവിതത്തിന് അർഥവും ലക്ഷ്യബോധവും നൽകുന്നത് പരലോകവിശ്വാസമാണ്. ക്വുർആനിന്റെ നല്ലൊരു ഭാഗം പരലോകത്തെ സംബന്ധിച്ച് വിവരിക്കുന്ന സൂക്തങ്ങളാണ്. അല്ലാഹു പറയുന്നു:

"ഏതൊരു ദേഹവും മരണം ആസ്വദിക്കുന്നതാണ്. നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ മാത്രമെ നിങ്ങൾക്ക് പൂർണമായി നൽകപ്പെടുകയുള്ളൂ. അപ്പോൾ ആർ നരകത്തിൽനിന്ന് അകറ്റിനിർത്തപ്പെടുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയം നേടുന്നത്. ഐഹികജീവിതം കബളിപ്പിക്കുന്ന ഒരു വിഭവമല്ലാതെ മറ്റൊന്നുമല്ല" (ക്വുർആൻ 3:185)

2. എന്റെ മുരീദുകളാരും നരകത്തിലില്ലെന്ന് നരകത്തെ കാക്കുന്ന മലക്ക് പറഞ്ഞിട്ടുണ്ടെന്ന് മുഹ്‌യുദ്ദീൻ മാലയിലും മറ്റു മാല-മൗലൂദുകളിലും പറയുന്നത് ഇതിന് ഉദാഹരണമാണ്.

3. വിശുദ്ധ ക്വുർആനിലും ഇതുപോലെ കാണാം. അല്ലാഹു പറയുന്നു: "(നബിയേ) പറയുക: ഞാൻ ദൈവദൂതൻമാരിൽ ഒരു പുതുമക്കാരനൊന്നുമല്ല. എന്നെക്കൊണ്ടോ നിങ്ങളെക്കൊണ്ടോ എന്ത് ചെയ്യപ്പെടും എന്ന് എനിക്ക് അറിയുകയുമില്ല. എനിക്ക് ബോധനം നൽകപ്പെടുന്നതിനെ പിന്തുടരുക മാത്രമാകുന്നു ഞാൻ ചെയ്യുന്നത്. ഞാൻ വ്യക്തമായ താക്കീതുകാരൻ മാത്രമാകുന്നു" (ക്വുർആൻ 46:9).




## നേർപഥം ഓൺലൈൻ ക്വിസ് നിബന്ധനകൾ

- സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയുടെ ഏറ്റവും പുതിയ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയാണ് വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്.
- ലോക്ക്ഡൗൺ പിരീഡിൽ എല്ലാ വെള്ളിയാഴ്ചയും വൈകുന്നേരം 7 മണിക്ക് മാഗസിൻ ഓൺലൈനിൽ അപ്‌ലോഡ് ചെയ്യുകയും ഞായറാഴ്ച രാവിലെ പത്തു മണി മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിൽ ചോദ്യങ്ങൾ ലഭ്യമാവുകയും ചെയ്യും.
- എല്ലാ ആഴ്ചയും ബുധൻ രാത്രി 12 മണി വരെ മാത്രമെ ഉത്തരങ്ങൾ സ്വീകരിക്കുകയുള്ളൂ.
- ലോക്ക്ഡൗൺ പിരീഡിന് ശേഷം, ഞായറാഴ്ച അപ്‌ലോഡ് ചെയ്യുകയും ചൊവ്വ 10 മണി മുതൽ വെള്ളി രാത്രി 12 മണി വരെ ചോദ്യങ്ങൾ ഓൺലൈനിൽ ലഭ്യമാവുകയും ചെയ്യും.
- പേരും മൊബൈൽ നമ്പറും വെച്ചാണ് മത്സരാർഥികൾ ഓൺലൈനിൽ പ്രവേശിക്കേണ്ടത്. വിജയികളുടെ വിലാസം മൊബൈൽ നമ്പർ വെച്ചാണ് കണ്ടെത്തുന്നത് എന്നതിനാൽ സ്വന്തം നമ്പർ മാത്രമേ ഉപയോഗിക്കാവൂ.
- ഒരേ നമ്പറിൽ നിന്ന് ഒരാഴ്ചയിൽ ഒന്നിലധികം മത്സരങ്ങൾ പങ്കെടുക്കാൻ സാധ്യമാകില്ല.
- തുടർ മത്സരങ്ങളിൽ പങ്കാളികളാവുന്നവരുടെ ഡീറ്റയിൽസ് സ്വീകരിക്കാനുള്ള മാനദണ്ഡം മൊബൈൽ നമ്പറായതിനാൽ മെഗാ മത്സരത്തിന് ഒരേ നമ്പറിൽ നിന്നുള്ള എൻട്രികൾ മാത്രമേ പരിഗണിക്കൂ.
- ശരിയുത്തരങ്ങൾ വ്യാഴാഴ്ച മുതൽ ഓൺലൈനിൽ ലഭ്യമാവും.
- ഏറ്റവും കൂടുതൽ ശരിയുത്തരങ്ങൾ അയച്ചതിനെ ആധാരമാക്കിയാണ് ഓരോ ആഴ്ചയിലെയും ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാരെ നിശ്ചയിക്കുന്നത്.
- വിജയികളുടെ പേരുകൾ വ്യാഴാഴ്ച മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിലൂടെയും നേർപഥം വെബ്സൈറ്റിലൂടെയും നേർപഥത്തിലൂടെയും പബ്ലിഷ് ചെയ്യും.
- വിജയികളെ ഔദ്യോഗികമായി വിവരമറിയിക്കുകയും സമ്മാനം നേരിട്ടെത്തിക്കുകയും ചെയ്യും.
- ഓരോ മത്സരത്തിലും ലഭിച്ച മാർക്കുകൾ ഉൾപ്പെടുത്തിയാണ് ഫൈനൽ മത്സരത്തിലെ വിജയികളെ തെരഞ്ഞെടുക്കുന്നത്. ഫൈനൽ പോയിന്റിൽ തുല്യത പാലിച്ചാൽ തുടർ മത്സരത്തിലൂടെ വിജയിയെ കണ്ടെത്തും.
- ഓരോ മത്സരത്തിലും ലഭിക്കുന്ന മാർക്കുകൾ ഉൾപ്പെടുത്തി പരിഷ്കരിക്കുന്ന പോയിന്റ് ടേബിൾ ഓൺലൈനിൽ ലഭ്യമാവും.
- മെഗാ മത്സര വിജയികൾക്കുള്ള സമ്മാനങ്ങൾ സംസ്ഥാന പ്രോഗ്രാമിലായിരിക്കും വിതരണം ചെയ്യുക.
- നേർപഥം ജീവനക്കാരുടെയോ മാനേജ്മെന്റിന്റെയോ എൻട്രികൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.
- മത്സരങ്ങളെ കുറിച്ചുള്ള അന്തിമ തീരുമാനം നേർപഥം ക്വിസ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kozhikkode 2 | Kerala | India
Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com

جامعة الهند الإسلامية
JAMIA AL HIND AL ISLAMIYA

جامعة الهند الإسلامية

**JAMIA AL-HIND AL-ISLAMIYYA**

# ജാമിഅ അൽ ഹിന്ദ് അൽ ഇസ്‌ലാമിയ്യ

വാദി അൽ ഹിക്മ, മിനി ഊട്ടി, ഊരകം, മലപ്പുറം

## 2020-21 അധ്യയന വർഷത്തേക്ക് വിവിധ കോഴ്സുകളിലേക്കുള്ള അപേക്ഷ ക്ഷണിച്ചു

### തഹ്ഫീദുൽ ഖുർആൻ

2020 ജനുവരി 01ന് 11 വയസ്സ് കവിയാത്തവരും 2020-21 അധ്യയന വർഷത്തിൽ സ്കൂളിൽ 5,6 ക്ലാസുകളിൽ പഠിക്കുന്നവരുമായ ആൺകുട്ടികൾക്ക് മാത്രം പ്രവേശനം.

### മഅ്ഹദുല്ലുഗ

SSLC പാസായ ആൺകുട്ടികൾക്ക് മദീന ഇസ്‌ലാമിക്ക് യൂണിവേഴ്സിറ്റിയുടെ സിലബസിനോടൊപ്പം +1,+2 (NIOS) (കൊമേഴ്സ്, ഹ്യുമാനിറ്റീസ്) കൂടി ലഭ്യമാക്കുന്ന തരത്തിലുള്ള രണ്ട് വർഷത്തെ കോഴ്സ്.

### കുല്ലിയ ശരീഅ:

മഅ്ഹദ് / തത്തുല്യ യോഗ്യതയുള്ള ആൺകുട്ടികൾക്ക് ഹദീഥ്, അക്വീദ എന്നീ വിഷയങ്ങളിൽ പ്രാവീണ്യം നേടുന്നതോടൊപ്പം കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ഡിഗ്രി സർട്ടിഫിക്കറ്റ് കൂടി ലഭ്യമാകാനുതകുന്ന പണ്ഡിത കോഴ്സ്.

### തഖസ്സുസ്

ശരീഅ: കോളേജ് / തത്തുല്യ പഠനം പൂർത്തിയാക്കിയവർക്ക് തെരഞ്ഞെടുക്കപ്പെട്ട വിഷയങ്ങളിൽ സ്റ്റൈപ്പന്റോട് കൂടിയുള്ള റിസർച്ച് കോഴ്സ്.

### സ്കൂൾ ഓഫ് ഖുർആൻ

ജൂൺ ഒന്നിന് ആറര വയസ്സ് കവിയാത്ത സ്കൂളിൽ ഒന്നാം ക്ലാസിൽ ചേരുന്ന വിദ്യാർത്ഥികൾക്ക് കേരളത്തിനകത്തും പുറത്തുമായി 23 കേന്ദ്രങ്ങളിൽ വെച്ച് നടത്തപ്പെടുന്ന സ്പെഷ്യൽ കോഴ്സ്.

### അത്തദാറുക്ക്

പ്രായഭേദമന്യേ ഏതൊരാൾക്കും മത വിജ്ഞാനം നേടാനുതകുന്ന രണ്ട് വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സ്. വിദൂര വിദ്യാഭ്യാസ വിഭാഗത്തിന് കീഴിൽ കേരളത്തിലും പുറത്തുമായി 25 കേന്ദ്രങ്ങൾ.

### അത്തയ്സീർ

ക്വുർആൻ പഠനത്തിനായി റമദാനിൽ നടത്തപ്പെടുന്ന പ്രത്യേക പദ്ധതി. ജാമിഅ ക്യാമ്പസ് മസ്ജിദിലും കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലുമായി ക്ലാസുകൾ.


**രജിസ്ട്രേഷൻ ചെയ്യുന്നതിനായി സന്ദർശിക്കുക:**
**www.jamiaalhind.com, www.schoolofquran.in**

**ടെലഫോൺ: 0494 2951725, +91 9961725725**

| കൂടുതൽ വിവരങ്ങൾക്ക്: | |
|---|---|
| മഅ്ഹദു തഹ്ഫീദിൽ ക്വുർആൻ: | +91 8921867310 |
| കുല്ലിയ്യത്തു ശരീഅ: | +91 8606366661 |
| മഅ്ഹദു ലുഗ: | +91 9037235706 |
| തഖസ്സുസ്: | +91 8589917780 |
| സ്കൂൾ ഓഫ് ഖുർആൻ: | +91 8606788882 |
| അത്തദാറുക്: | +91 9400919085 |
| അത്തയ്സീർ: | +91 6282734388 |

Head Office: Jamia Al-Hind Al-Islamiyya | Wadi Al-Hikma | Mini Ootty | Oorakam
Malappuram | Kerala | India | PIN 676519 | www.jamiaalhind.com | www.schoolofquran.in

ഇബ്നു അലി എടത്തനാട്ടുകര
ibnualiekara@gmail.com




# കൊറോണക്കാലത്തെ കാരുണ്യം

**കൊ**റോണ ലോക്ക്ഡൗൺ കാലത്ത് ഇരുചക്ര വാഹനത്തിൽ യാത്ര ചെയ്ത സുഹൃത്തിനെ പോലീസ് തടഞ്ഞു. അരിപ്പൊടി, പയർ വർഗങ്ങൾ, ചായപ്പൊടി, പഞ്ചസാര, എണ്ണ തുടങ്ങിയ ഏഴ് ഇനങ്ങൾ അടങ്ങിയ കിറ്റുകൾ ആയിരുന്നു സ്കൂട്ടറിൽ. സ്ഥിരമായി സഹായം എത്തിക്കാറുള്ള രണ്ട് കുടുംബങ്ങൾക്ക് കൊടുക്കാനാണ് എന്ന് സാമൂഹ്യ പ്രവർത്തകനായ സുഹൃത്ത് പറഞ്ഞത് പരിഗണിച്ച് തൽക്കാലം പോലീസ് അനുമതി നൽകി. ആവർത്തിക്കരുതെന്നും ഏതാനും ആഴ്ചകൾ വീട്ടിലിരുന്നാലേ പിന്നീട് കൊല്ലങ്ങളോളം കാരുണ്യ പ്രവർത്തണം ചെയ്യാൻ ബാക്കിയുണ്ടാകൂ എന്ന് ഉപദേശിക്കുകയും ചെയ്തു. പരിചയമുള്ള ജില്ലാ പോലീസ് മേധാവിയോട് അനുമതിക്ക് അഭ്യർഥിച്ചെങ്കിലും മര്യാദക്ക് വീട്ടിലിരിക്കാനായിരുന്നു സ്നേഹം കലർന്ന ശാസന.

വിപത്തുകാലത്ത് പുറത്തിറങ്ങുന്നതിന്റെ ആപത്ത് അറിയാതെയല്ല അയാൾ സ്കൂട്ടറിൽ പുറപ്പെട്ടത്; പതിവായി സഹായം ലഭിക്കുന്നവർക്ക് അത് മുടങ്ങിയപ്പോൾ ഉള്ള വിഷമം അറിഞ്ഞു മനസ്സലിഞ്ഞാണ്.

അദ്ദേഹത്തെ പതിവായി സഹായിക്കുന്നവരുടെ സ്ഥാപനങ്ങൾ ലോക്ക്ഡൗണിൽ അടഞ്ഞു കിടക്കുകയാണ്. ചിലർ വിദേശത്ത് കുടുങ്ങിക്കിടക്കുന്നു. നോമ്പിന് കൊടുക്കാറുള്ള സ്പെഷ്യൽ കിറ്റുകൾ ഇത്തവണ എങ്ങനെ കൊടുക്കുമെന്ന് തലപുകഞ്ഞ് വീട്ടിലിരിക്കുകയായിരുന്നു അയാൾ. ഫോൺ ബെല്ലടിച്ചു. സഹായം ചോദിച്ചുള്ള വിളിയാണോ എന്ന ആശങ്കയിൽ ആണ് എടുത്തത്. സുഹൃത്തിന്റെ പേര് വിളിച്ച് ഉറപ്പു വരുത്തി. പണ്ട് 'ദ ഹിന്ദു' പത്രത്തിൽ വാർത്ത വന്ന ആളാണോയെന്ന് വീണ്ടും ചോദിച്ച് ഉറപ്പു വരുത്തി.

2007 ഡിസംബർ മാസമൊടുവിൽ രണ്ടുപേർ ഗവേഷകരാണെന്നു പറഞ്ഞ് തന്റെ കൂടെ സഹായം വിതരണം ചെയ്യുന്ന വീടുകളിൽ എത്തിയതും അവരോട് ചോദ്യങ്ങൾ ചോദിച്ചതും ഫോട്ടോ എടുത്തതും ഓർമിച്ചു. കുറച്ച് ദിവസങ്ങൾക്ക് ശേഷം അവർ വിളിച്ച് പത്രത്തിൽ ഫീച്ചർ വന്നിട്ടുണ്ടെന്ന് പറഞ്ഞപ്പോഴാണ് അവർ പത്രക്കാരായിരുന്നുവെന്ന് അറിഞ്ഞത്. ഈ വാർത്ത കണ്ട രണ്ട് വിദേശികൾ ദ്വിഭാഷിയെയും കൂട്ടി വന്നതും ചെറിയ സഹായം നൽകിയതും ഓർമിച്ചു. അവരുടെ സന്ദർശനത്തിന്റെ ഫോട്ടോയും വാർത്തയും ഇപ്പോഴും ഓൺലൈനിൽ ലഭ്യമാണെന്നും ഓർത്തു.

ഒരു വ്യാഴവട്ടം മുമ്പത്തെ ആ പത്രവാർത്ത ഫോൺ വിളിച്ച ആളുടെ ശേഖരത്തിൽ ഉണ്ടെന്നും മറ്റു സ്ഥലങ്ങളിൽ ജോലിയും മറ്റുമായി ജീവിച്ച അയാൾ സുഹൃത്തിന്റെ വാസസ്ഥലത്തുനിന്ന് കിലോമീറ്ററുകൾക്കപ്പുറത്ത് താമസം തുടങ്ങിയെന്നും അറിയിച്ചു. കുറെ നേരം കൂടി കുശലം പറഞ്ഞു. മോശമല്ലാത്ത ഒരു തുക വാഗ്ദാനം ചെയ്താണ് അയാൾ സംസാരം സമാപിച്ചത്. നോമ്പിന് പതിവായി കൊടുക്കാറുള്ള 150ൽ പരം കിറ്റുകൾക്ക് അത് തികയും എന്ന് കണക്ക് കൂട്ടിയ അദ്ദേഹം പടച്ചവനെ സ്തുതിച്ചു.

സന്തോഷം പങ്കുവയ്ക്കാൻ എന്നെ വിളിച്ചപ്പോൾ ആര്, തുകയെത്ര എന്ന് ചോദിച്ചെങ്കിലും അനുവാദമില്ലാത്തത് കൊണ്ട് വെളിപ്പെടുത്താനാവില്ലെന്നായിരുന്നു മറുപടി. അറിയപ്പെടാനാഗ്രഹിക്കാത്ത ആ സുമനസ്സിന് പ്രാർഥനകൾ.

സുഹൃത്ത് എപ്പോഴും പറയാറുള്ള പോലെ അദ്ദേഹത്തിന്റെ 'മുതലാളി'യുടെ ഖജനാവിൽ കണക്കില്ലാത്തത്ര സ്വത്തുണ്ട്. കൊറോണ കാലത്തും നന്മ മരങ്ങൾ പൂത്തുലയട്ടെ.

جامعة الهند الإسلامية
School Of Qur'an

## രജിസ്ട്രേഷൻ ആരംഭിച്ചു

### “നന്മയുടെ വഴിയിൽ നാളേക്ക് വേണ്ടി”

# സ്കൂൾ ഓഫ് ഖുർആൻ



ക്ലാസുകൾ, ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം!

ജൂൺ ഒന്നിന് ആറര വയസ് കവിയാത്ത, സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്ന വിദ്യാർഥികൾക്ക് പ്രവേശം

അപേക്ഷകർ, QR കോഡ് സ്കാൻ ചെയ്തോ, www.schoolofquran.in എന്ന വെബ്സൈറ്റിൽ നിന്നോ ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് ഓൺലൈൻ അപേക്ഷാ ഫോം പൂരിപ്പിക്കുക.

## സവിശേഷതകൾ:

- ആധുനിക സംവിധാനങ്ങൾ ഉൾപ്പെടുത്തി നവീന രീതിയിൽ തയ്യാറാക്കിയ പഠനരീതികൾ, പഠനസാമഗ്രികൾ
- ഓഡിയോ - വിഷ്വൽ ക്ലാസ് റൂമുകൾ
- വിദഗ്ധ പാനൽ നിർമ്മിച്ച ടെക്സ്റ്റ് ബുക്കുകൾ, വർക്ക് ബുക്കുകൾ, ടീച്ചേഴ്സ് ഹാൻഡ് ബുക്ക്, പാരന്റ്സ് ഗൈഡ്
- ഖുർആൻ, ഹദീഥ്, അറബി ഭാഷ, വിശ്വാസം, കർമ്മം, സ്വഭാവം, ചരിത്രം തുടങ്ങിയവയിൽ പഠനം
- നിലവിലുള്ള ഖുർആൻ പഠന സംവിധാനങ്ങളുടെ പോരായ്മകൾ പരിഹരിച്ച കുറ്റമറ്റ സംവിധാനം
- കരിക്കുലമനുസരിച്ച് തയ്യാറാക്കിയ ഡി.വി.ഡികൾ, സോഫ്റ്റ്വെയറുകൾ
- കേരളത്തിൽ ആദ്യമായി രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ നടത്തപ്പെടുന്ന ഹോം സ്കൂളിംഗ്
- രക്ഷിതാക്കൾക്ക് പഠനപുരോഗതി വിലയിരുത്താൻ ഓൺലൈൻ സൗകര്യം
- രക്ഷിതാക്കളുടെ മേൽനോട്ടത്തിലുള്ള ട്രാൻസ്പോർട്ടേഷൻ സൗകര്യം
- ഫോളോ അപ്പിനായി വാർഷിക സ്റ്റഡി ട്രാക്കറുകൾ, നിരന്തര - കേന്ദ്രീകൃത മൂല്യനിർണയം

കാസറഗോഡ്: 8089192273 | കാഞ്ഞങ്ങാട്: 9847507310 | തളിപ്പറമ്പ്: 8606776770 | കിണവക്കൽ: 9400083931
വടകര: 9961037934 | കാപ്പാട്: 9846808230 | മഞ്ചേരി: 9846872999 | കോട്ടക്കൽ: 9946274831
തിരൂർ: 9633099992 | മാറഞ്ചേരി: 7559955255 | വെങ്കിടങ്ങ്: 9048869220 | ആറ്റിങ്ങൽ: 9497714521
പരപ്പനങ്ങാടി: 9544924596 | എടത്തനാട്ടുകര: 9495467259 | തോട്ടശ്ശേരിയറ: 8606600555
കൊല്ലം: 9447041468 | കോയമ്പത്തൂർ: 9080475224 | ആലപ്പുഴ: 9895629378
കൊടുവായൂർ: 9746293949 | കൊല്ലായിൽ: 9946940906 | എടക്കര: 6235446007 | കോട്ടയം: 9447827232

Head Office: School of Qur'an | Jamia Al-Hind Al-Islamiyya | Jamia Campus | Mini Ootty | Oorakam
Malappuram | Kerala | PIN 676519 | www.schoolofquran.in | info@schoolofquran.in

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 APRIL 25

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

wisdomyouth
wisdommediaschool

Break the Chain

“

# കോവിഡ് 19
## കരുതൽ; കാരുണ്യം

# വിസ്ഡം യൂത്ത്
## പ്രതിരോധം

- സൗജന്യ റേഷൻ
- സന്നദ്ധ സേവനം
- ഡോക്യുമെന്ററി
- ഹെൽത്ത് ടിപ്സ്
- വെബിനാർ
- ലൈവ് ടോക്ക്സ്
- വെർച്വൽ എക്സ്പോ

WISDOM YOUTH
സ്നേഹസ്പർശം
WISDOM Relief
.......without boundaries

WISDOM ISLAMIC YOUTH ORGANIZATION, C.V COMPLEX P.V SWAMI ROAD, KOZHIKODE